


തിരുഹൃദയ സ്നേഹിതനായ വി. യൌസേപ്പേ!

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

(300 ദി. ദ. വി.)

# കർമ്മലകുസുമം.

പുസ്തകം ൨൭.) മാർച്ച് (ലക്കം ൩.

## മേരിമണാള കീർത്തനം.

(എ. റ്റി. ദേവസ്സി, ഏങ്ങണ്ടിയൂർ)

"ആണ്ടിപ്പണ്ടാരം" എന്ന രീതി.

പല്ലവി.

പുണ്യപൂർണ്ണനായിടും മൽപിതാവേ! മാർ യൌസേപ്പേ!

ചരണങ്ങൾ.

1. പാരം മാനിച്ചിടുന്ന—പാർത്തലേ സേവിതമീ-
ഷ്ടാവിനെ പാലകനേ! പാലനം നന്മയോടിന്നു (പുണ്യ...
2. ദുഷ്ടനാം ഹേറോദേസിൻ ദുഷ്ടകൃത്യത്തിൽനിന്നു
കഷ്ടതകൾ സഹിച്ചുലോകേശനെ രക്ഷിച്ച നീ (പുണ്യ...
3. കർത്താവിനെ തൃക്കയ്യിൽ വെപ്പാൻ ഭാഗ്യം ലഭിച്ച
മർത്ത്യാഗ്രിമ! ഇവനെപ്പൊന്നാക്കക്കാത്തീടണേ (പുണ്യ...
4. പുത്രനോടെന്തും വാങ്ങാൻ ശക്തനാകുന്നല്ലോ നീ
എത്രയോ പാപത്തിൽ ഞാൻ വീണുപോയി താണുപോയി (പുണ്യ...
5. ലോകത്തെ രക്ഷിച്ചവൻ നിൻസുതനാകുന്നല്ലോ
നാകത്തിലെത്തി നിന്നെക്കണ്ടു വന്ദിപ്പാറാകണേ! (പുണ്യ...
6. ശ്രീയേശുവിൻ മടിയിൽ, മാറി ജീവൻ വെടിഞ്ഞ
മാർ യൌസേപ്പേ! മരണനേരത്തിൽ കാത്തിടണേ! (പുണ്യ...

# പ്രസാധകക്കുറിപ്പുകൾ.

### മീനമാസപ്രാർത്ഥന.

ദിവ്യരക്ഷകന്റെ വിശ്വസ്ത അനുഗാമിയായ മഹത്വമുള്ള വി. യൌസേപ്പേ! ഞങ്ങളുടെ ആത്മികവും ലൌകികവുമായ നന്മകൾക്കു ആവശ്യമായ എല്ലാ വരപ്രസാദങ്ങളും, പ്രത്യേകം നന്മരണത്തിന്റെ മനോഗുണവും, ക്രൂപനിറഞ്ഞ ഈശോയുടെ തിരുഹൃദയത്തിൽനിന്നു ഞങ്ങൾക്കു ലഭിച്ചുതരുന്നതിനുവേണ്ടി ഈ മാസത്തിൽ നിന്റെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ അഭയം തേടുന്നു. പ്രിയമുള്ള പിതാവേ! ഞങ്ങളെ നീ കൈവിടരുതേ. ഞങ്ങളുടെ കുടുംബങ്ങളിൽ സമാധാനവും ക്രിസ്തീയ ജീവിതവും നീ പാലിച്ചരുള്ള

ക. ഞെരുക്കങ്ങളൊക്കെയിൽനിന്നും സത്യതിരുസഭയെ നീ പാലിച്ചരുളു
ക. ആമ്മേൻ.

## മംഗലവാർത്ത തിരുനാൾ.

പരിശുദ്ധ കന്യകയ്ക്കു ദൈവം നൽകിയരുളിയ മാഹാത്മ്യം എത്ര വലുതാണെന്നു ഇനിയും മനസ്സിലാക്കിയിട്ടില്ലാത്തവർ സ്വർഗ്ഗത്തിൽനിന്നു ദൈവത്തിന്റെ പ്രതിപുരുഷനായി നസ്രസ്സിലെ പാവപ്പെട്ട ഭവനത്തിൽ എഴുന്നള്ളിയ ഗബ്രിയേൽ ദൈവദൂതന്റെ മംഗലവാർത്താ കീർത്തനം ശ്രദ്ധാപൂർവ്വം ഉച്ചരിച്ചു ധ്യാനിക്കട്ടെ. കത്തോലിക്കർ പ്രതിദിവസം അനേകപ്രാവശ്യം പ്രസ്തുത മംഗളസന്ദേശംകൊണ്ടു ഈ അമ്മയെ അഭിവാദ്യം ചെയ്യുന്നുണ്ട്. ഹാ! മാതൃസ്നേഹം ജ്വലിക്കുന്ന ഏതൊരു ഹൃദയമാണ് നിസ്തുലമായ ഈ മംഗലവാർത്തയിൽ ആനന്ദിച്ചു കുതിച്ചു ചാടാത്തതു്! അതേ, നമ്മുടെ അമ്മ നന്മ നിറഞ്ഞവളാകുന്നു. സർവ്വലോകാധിനാഥനായി സർവ്വ നന്മസ്വരൂപിയായിരിക്കുന്ന കർത്താവു അവളോടുകൂടിയാകുന്നു; എന്നല്ല, അവളുടെ ഉദരത്തിന്റെ ഫലവുമാകുന്നു; അതിനാൽ നമ്മുടെ അമ്മ ദൈവത്തിന്റെ അമ്മയുമാകുന്നു. സ്ത്രീകളിൽ അവൾ വാഴ്ത്തപ്പെട്ടവളാകുന്നു. പാപികളെങ്കിലും യഥാർത്ഥത്തിൽ അവിടുത്തെ മക്കളായ നമുക്കുവേണ്ടി ഇപ്പോഴും നമ്മുടെ മരണനേരത്തും അവളുടെ ഉദരഫലമായ ആ ദൈവപുത്രനോടു പ്രാർത്ഥിക്കുന്നതിന്നു നമുക്കു അപേക്ഷിക്കാം. ഇതാകുന്നു മംഗലവാർത്ത തിരുനാളിൽ നമ്മുടെ ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന ചിന്തകൾ. ഈ ചിന്തയോടുകൂടി കൂടക്കൂടെ നമ്മുടെ അമ്മയെ നമുക്കു അഭിവാദ്യം ചെയ്യാം.

## പ്രൊഫസർ സി. ജെ. വർക്കി.

എം. ഏ. കെ. എസ്. ജി.

മംഗലപുരം സെന്റ് അലോഷ്യസ് കോളജുപ്രൊഫസറും കാത്തലിക്ക് എഡ്യൂക്കേഷനൽ റിവ്യൂപത്രാധിപരുമായ സി. ജെ. വർക്കി അവർകൾക്കു നൈററ് ഓഫ് സെൻറു ഗ്രിഗരി എന്ന തിരുസഭയുടെ മാടമ്പിസ്ഥാനം പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു കല്പിച്ചു നൽകിയിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. കേരളീയകത്തോലിക്കരിൽ എഴുപ്പന്നപ്പാറായിൽ തരകന്മാർക്കുമാത്രമേ ഇതിന്നുമുമ്പു ഈ സ്ഥാനം സിദ്ധിച്ചിട്ടുള്ളു. പ്രൊഫസർ വർക്കി അവർകൾ സഭയ്ക്കും സമുദായത്തിനും വേണ്ടിചെയ്യുന്ന നാനാമുഖങ്ങളായ ശ്രമങ്ങളെ ആസ്പദമാക്കി പരിശുദ്ധ പിതാവു പ്രദർശിപ്പിച്ചിട്ടുള്ള ഈ വാത്സല്യാതിരേകത്തിൽ സമുദായത്തിനു പൊതുവേയുള്ള കൃതജ്ഞതയേ ഇവിടെ രേഖപ്പെടുത്തുകയും പ്രൊഫസർ വർക്കിയെ ഞങ്ങൾ വീണ്ടും ഹാർദ്ദമായി അനുമോദിക്കയും ചെയ്തുകൊള്ളുന്നു.

## കത്തോലിക്ക കോൺഗ്രസ്സ്.

അടുത്ത കേരളീയകത്തോലിക്ക കോൺഗ്രസ്സ് പാലായിൽവച്ചു നടത്തുന്നതിലേക്കു വേണ്ട ഒരുക്കങ്ങൾ നേരത്തെ ചെയ്തുതുടങ്ങിയിരിക്കുന്നതായി ഞങ്ങൾ കഴിഞ്ഞതവണ പ്രസ്താവിച്ചിരുന്നല്ലൊ. സാഹിത്യമത്സരപ്പരീക്ഷ നടത്തി യഥായോഗ്യം മെഡലുകൾ സാക്ഷിപത്രങ്ങൾ ആദിയായവ നൽകണമെന്നും ഇങ്ങിനെ കോൺഗ്രസ്സിൽനിന്നു കത്തോലിക്കസാഹിത്യത്തെ പ്രോത്സാഹിപ്പിക്കണമെന്നുമുള്ള നിശ്ചയങ്ങൾ സമ്മേളനത്തിൽവച്ചു പണ്ടേ തന്നെ ചെയ്തിട്ടുള്ളതാണ്. എന്നാൽ മററു നിശ്ചയങ്ങളേപ്പോലെതന്നെ ഇതും അദ്യാപി കടലാസിൽമാത്രം കിടക്കുകയേ ചെയ്തിട്ടുള്ളു. പാലാകോൺഗ്രസ്സിൽ വച്ചു ഇതു നടപ്പിൽ വരുത്തുന്നതിന്നു വേണ്ട ഏർപ്പാടുകൾ ചെയ്തുകാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. മത്സരത്തിനുള്ള വിഷയങ്ങളും മററും നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. ആകപ്പാടെ ഇത്തവണത്തേ കോൺഗ്രസ്സ് അത്ഭുതപൂർവ്വമായ ഒരു വിജയമായി കാണ്മാൻ ഞങ്ങൾ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

# യൌസേപ്പിന്റെ പക്കൽ പോകുവിൻ.

(റൈററ് റവ. മോൺ. ജേക്കബ് കല്ലറയ്ക്കൽ)

മനുഷ്യർ ഓരോരുത്തരും ലൌകികങ്ങളായ ഓരോ കാര്യസാദ്ധ്യങ്ങൾക്കായി പരസഹായം അന്വേഷിക്കയെന്നതു് ലോകസാധാരണമായിരിക്കുന്നു. സംഗതികളുടെ ഗുരുലഘുത്വമനുസരിച്ച് സ്വാധീനശക്തിയും പ്രാബല്യവുമുള്ള മദ്ധ്യസ്ഥരെ തിരയുന്ന ഈ ക്രമമനുസരിച്ചു നോക്കുന്നതായാൽ ആദ്ധ്യാത്മിക ജീവിക്രിയായായ മനുഷ്യന്റെ ആത്മീകാവശ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മദ്ധ്യസ്ഥനും സഹായിയും ഉണ്ടായിരിക്കേണ്ടതാണെന്നു ന്യായമായി അനുമാനിക്കാവുന്നതാണെല്ലോ. മാത്രമല്ല, ആദ്ധ്യാത്മികജീവിതത്തിന്റെ സ്വഭാവംതന്നെയും ഒരു മദ്ധ്യസ്ഥന്റെ സഹായം ഒഴിച്ചുകൂടാത്തതാക്കി തീർക്കുന്നു. ഈ കാരണങ്ങളാൽ മാതാവായ തിരുസഭ തന്റെ ജ്ഞാനമക്കളുടെ ശാരീരികവും ആത്മീകവുമായ ഇരുവിധ ആവശ്യങ്ങൾക്കും ഓരോ വിശുദ്ധന്മാരെ മദ്ധ്യസ്ഥന്മാരായി നിശ്ചയിച്ചിട്ടുണ്ടു്. വി. യൌസേപ്പിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം എല്ലാ മനുഷ്യർക്കും എല്ലാ ആവശ്യങ്ങളിലും ഒരു പൊതുമദ്ധ്യസ്ഥനായിരിക്കുന്നു. കാരണം ഒരു ഭാഗത്തു് മനുഷ്യാവശ്യത്തിന്റെ വലിപ്പവും മറുഭാഗത്തു് പുണ്യവാന്റെ വല്ലഭത്വവുമത്രേ. മനുഷ്യന്റെ സകല ആവശ്യങ്ങളിലും വച്ചു് ഏററം വലുതു നല്ലമരണം ലഭിക്കയാണെന്നുള്ളതു് തെളിയിക്കേണ്ട ആവശ്യമില്ലതന്നെ. ഏററവും ഗൌരവമുള്ള കാര്യത്തിൽ ഏററവും മുഖ്യതരമുള്ള മദ്ധ്യസ്ഥനും ആവശ്യമാണല്ലോ. എന്നാൽ ഈ നന്മരണവിഷയത്തിൽ ദൈവത്തിൽനിന്നു പ്രത്യേകവരം പ്രാപിച്ചിരിക്കുന്നതു് ഈ പുണ്യവാനല്ലാതെ മററാരുമല്ല. ആകയാൽ ആവശ്യത്തിന്റെ വലിപ്പം വി. യൌസേപ്പിന്റെ മാദ്ധ്യസ്ഥത്തെ സകല മനുഷ്യർക്കും ഒഴിച്ചുകൂടാത്തതാക്കി തീർത്തിരിക്കുന്നു. പുണ്യവാന്റെ ശക്തിയും അപ്രകാരം തന്നെ. മററു വിശുദ്ധന്മാർ തങ്ങളുടെ ആശ്രിതന്മാരെ സഹായിക്കുന്നതു് ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടാകുന്നു. വി. യൌസേപ്പോ എന്നാൽ ഒരു പിതൃകാധികാരത്തോടുകൂടി കല്പിക്കുന്നുവെന്നു പറയാം. പിതാവായ ദൈവം തന്റെ തിരുക്കുമാരനെ വി. യൌസേപ്പിന്റെ അധീനതയിൽ വച്ചതോടുകൂടി, മനുഷ്യരെല്ലാവരെയും അവരുടെ ആവശ്യങ്ങളെയും പുണ്യവാന്റെ ഇഷ്ടംപോലെ ആനയിക്കുന്നതിനേല്പിച്ചു. ഫറവോൻ രാജാവ് തന്റെ പക്കൽ വന്നവരോടെല്ലാം യൌസേപ്പിന്റെ പക്കൽ പോകുവാൻ കല്പിച്ചതുപോലെ, ത്രിലോകരാജനായ ദൈവവും തന്നോടപേക്ഷിക്കുന്നവരുടെ ശ്രദ്ധയെ വിശുദ്ധ യൌസേപ്പിൻ പക്കലേക്കു തിരിക്കുന്നു എന്നുവേണം പറവാൻ. ഈ പുണ്യവാൻ വഴിയായി അപേക്ഷിച്ചതിൽ ഒന്നും സാധിക്കാതിരുന്നിട്ടില്ലായെന്നു് വി. അമ്മ ത്രേസ്യാ എഴുതിയിരിക്കുന്നു. തിരുസഭതന്നെ അതിന്റെ പൊതുമദ്ധ്യസ്ഥനായി വി. യൌസേപ്പിനെ സ്ഥാപിക്കയും അപ്രകാരം കൊണ്ടാടുവാൻ വിശ്വാസികളോടുപദേശിക്കയും ചെയ്യുന്നു.

ആകയാൽ എല്ലാവരും വി. യൌസേപ്പിൻ പക്കൽ പോകുവിൻ. മെസ്രേനിലെ യൌസേപ്പ് യാതൊരുത്തനെയും ഉപേക്ഷിക്കാതെ എല്ലാവർക്കും ധാരാളമായി ധാന്യങ്ങൾ കൊടുത്തതുപോലെ ആത്മീകക്ഷാമത്താലും ബലഹീനതയാലും തളർന്നിരിക്കുന്നവരിൽ ആരും വി. യൌസേപ്പിന്റെ മാദ്ധ്യസ്ഥത്താൽ ശക്തിയും ധൈര്യവും പ്രാപിക്കാതിരിക്കയില്ല. ജ്ഞാനദുർഭിക്ഷത ദിനംദിനം വർദ്ധിച്ചുവരുന്ന ഇക്കാലത്തു് ഒരു പ്രാവശ്യമെങ്കിലും ഈ പിതാവിനെ ഓർമ്മിക്കയും, അങ്ങേ ജ്ഞാനഭണ്ഡാഗാരവാതുക്കൽ അണകയും ചെയ്യാത്ത ഒരു ദിവസംപോലും ഉണ്ടാകാതിരിക്കട്ടെ. മെക്സിക്കോ മുതലായ

രാജ്യങ്ങളിലെ കത്തോലിക്ക് മതത്തിന്റെ ദുരവസ്ഥ സഭാ പാലകനെ ബോധിപ്പിക്കുന്നതിനു മറന്നുകളയാതിരിക്കട്ടെ. കുടുംബഭാരം ദുസ്സഹമായി തോന്നുന്നവരെ! നിങ്ങൾ മാതൃകാകുടുംബത്തലവനായിരിക്കുന്ന വി. യൗസേപ്പിൻ പക്കൽ പോകുവിൻ. അങ്ങേ ക്ഷമയും വിവേകവും ദൈവതിരുമനസ്സിനുള്ള പൂർണ്ണകീഴ്‌വഴക്കവും സൂക്ഷിപ്പിൻ. തങ്ങളുടെ സന്താനങ്ങളുടെ ദുസ്സ്വഭാവത്താൽ സന്താപപ്പെടുന്ന കാരണവന്മാരെ നിങ്ങൾ യൗസേപ്പിൻ പക്കൽ പോകുവിൻ. ദിവ്യ ഉണ്ണിയോടുകൂടി നിങ്ങളുടെ മക്കളേയും പുണ്യവാന്റെ സൂക്ഷത്തിനു ഭരമേല്പിക്കുവിൻ. മാംസത്തിനടുത്ത പരീക്ഷകളാൽ കലങ്ങുന്നവരുണ്ടായിരുന്നാൽ അവർ വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥം തേടുവിൻ. കന്യകത്വത്തിന്റെ കാവല്ക്കാരൻ താനായിരിക്കുന്നു. നൽമരണത്തിനാഗ്രഹിക്കുന്നവരെ നിങ്ങളും യൗസേപ്പിൻ പക്കൽ അണയുവിൻ നൽമരണപ്രാപ്തിക്കുള്ള ശക്തിമത്തായ മാദ്ധ്യസ്ഥം ഈ വിശുദ്ധനിലത്രെ. ഒരു വാക്കായിപ്പറഞ്ഞാൽ എല്ലാ ആവശ്യങ്ങളിലും എല്ലാ സമയത്തും നിങ്ങൾ വി. യൗസേപ്പിൻ പക്കൽ അണയുവിൻ. താൻ എല്ലാവർക്കും എല്ലാമായിരിക്കുന്നു.

എന്നാൽ ഈ മഹാപുണ്യവാന്റെ സഹായവും മാദ്ധ്യസ്ഥവും നിങ്ങൾ ആശിക്കുന്നുവെങ്കിൽ ജീവിതശുദ്ധിവഴിയായി അങ്ങേ പ്രസാദിപ്പിപ്പാൻ ഒന്നാമതായി ഉത്സാഹിക്കണം. ദുഷ്ട ഹേറോദേസിൽനിന്നും വിശുദ്ധൻ ഒളിച്ചോടിയതുപോലെ ദൈവത്തിന്റെ ഓമനസന്താനമായ നമ്മുടെ ആത്മാവിന്റെ ജീവനെ നശിപ്പിപ്പാൻ അഹോരാത്രം തക്കംനോക്കി നടക്കുന്ന നരക ഹേറോദേസായ സാത്താന്റെ കണികളിലും പ്രലോഭനങ്ങളിലുംനിന്നും, അവന്റെ കിങ്കരന്മാരായ ദുഷ്ടമനുഷ്യരുടെ സംസർഗ്ഗത്തിൽ നിന്നും എപ്പോഴും ശ്രദ്ധാപൂർവ്വം ഒഴിഞ്ഞു ഓടിക്കൊൾവിൻ. കാവൽ മാലാഖാ സദ്വിചാരങ്ങളാൽ ബോധത്തെ പ്രകാശിപ്പിച്ചു ഹൃദയവാതുക്കൽ മുട്ടുമ്പോൾ നമ്മുടെ പുണ്യപിതാവിനെപ്പോലെ ഉടൻ ഉണർന്നു ദൈവതോന്നിപ്പിനോടു സഹകരിപ്പിൻ. ഈ മാസത്തിൽ വിശേഷവിധിയായി ഈ പിതാവിന്റെനേർക്കുള്ള ഭക്തിയിൽ വർദ്ധിക്കയും സ്നേഹത്തെ പ്രദർശിപ്പിക്കയും ചെയ്യുവിൻ. എന്നാൽ ഏറ്റവും ആപൽഘട്ടമായ മരണാവശ്യത്തിൽ പുണ്യവാന്റെ സഹായവും ശക്തിയും നിങ്ങൾക്കനുഭവപ്പെടാതിരിക്കയില്ല. പറഞ്ഞോപ്പിന്റെ നാട്ടിലേക്കുള്ള യാത്രയിൽ ചെങ്കടലിനെ ഭേദിച്ചു ഇസ്രായേലിനു മാർഗ്ഗം തുറന്നതു പൂർവ്വ യൗസേപ്പിന്റെ അസ്ഥിയായിരുന്നെന്നു ശാസ്ത്രികൾ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ ഈ ലോകത്തിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ പുറപ്പാടിൽ ഇരുലോകങ്ങൾക്കും മദ്ധ്യേ കിടക്കുന്ന ഭയങ്കര മരണക്കടൽ നാം കടക്കാനടുക്കുമ്പോൾ വി. യൗസേപ്പു തന്റെ വടിയോടുകൂടി നമ്മുടെ സമീപെ വന്നു കടലിലെ ഇളക്കങ്ങളും തിരമാലകളും ശമിപ്പിച്ചു സുരക്ഷിതമായി നമ്മെ ജന്മനാടായ സ്വർഗ്ഗത്തിലേക്കു നിശ്ചയമായും ആനയിക്കാതിരിക്കയില്ല.

## ഒരു പുരാതനഗ്രന്ഥം.

(വെരി റവ. ഫാദർ അലക്സാണ്ടർ സി. ഡി.)

സാഹിത്യലോകത്തിൽ ഒരു അമൂല്യരത്നമായി പരിഗണിക്കപ്പെടേണ്ട ഒരു പുരാതന ഗ്രന്ഥം കേരളത്തിലുണ്ട്. കേരളത്തിൽ അച്ചടിശാലകൾ സ്ഥാപിക്കപ്പെടുന്നതിനു വളരെക്കാലം മുമ്പ് — മാർത്താണ്ഡവർമ്മ മഹാരാജാവ് ആധുനിക തിരുവിതാംകൂർ രാജ്യത്തെ സ്ഥാപിക്കുന്നതിനും മുമ്പെതന്നെ — റോ

മ്മിൽ അച്ചടിക്കപ്പെട്ട ഒരു മലയാള ഗ്രന്ഥമാണിതു. 1772-ൽ റോമ്മിൽ അച്ചടിക്കപ്പെട്ട ഈ വേദാന്തഗ്രന്ഥത്തിന്റെ പേർ Compendio a legis explicatio omnibus christianis scitu necessaria: "നസ്രാണികൾ ഒക്കെയ്ക്കും അറിയേണ്ടുന്ന സംക്ഷേപ വേദാർത്ഥം" എന്നാണു. ഇതിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന പഴയ മലയാണ്മ രണ്ടു ശതാബ്ദങ്ങൾക്കുമുമ്പ് നാട്ടിൽ സാധാരണ ജനങ്ങൾ പറഞ്ഞുവന്നിരുന്ന ഭാഷയുടെ ഒരു മാതൃകയാണ്. ഈ ഗ്രന്ഥത്തിൽ സത്യക്രിസ്ത്യാനികൾ, അറിഞ്ഞു വിശ്വസിക്കേണ്ട വിശ്വാസരഹസ്യങ്ങൾ, വേദപ്രമാണങ്ങളുടെ വിവരണങ്ങൾ, ദിവ്യകൂദാശകളെപ്പററിയുള്ള പാഠങ്ങൾ ഇത്യാദി വിഷയങ്ങൾ അടങ്ങിയിരിക്കുന്നു ഡെമി ഒക്ടോവാ അളവിൽ വന്നുവ പക്ഷങ്ങളുള്ള ഈ പുസ്തകം മലയാളഭാഷയിൽ അച്ചടിക്കപ്പെട്ട ആദ്യപുസ്തകങ്ങളിൽ ഒന്നായി ഗണിക്കപ്പെടാം.

ഈ വേദാന്തഗ്രന്ഥത്തെ ആരാണു രചിച്ചതു്? ആരാണ് അച്ചടിപ്പിച്ചതു്? ഈ ചോദ്യങ്ങൾക്കു മറുപടി പറവാൻ പ്രയാസമുണ്ട്. സുപ്രസിദ്ധനായ ബ. പൌളിനോസ് ദെ സൻബത്തൊൽമെയൊ എന്ന കർമ്മലീത്താ മിഷ്യനറി സംസ്കൃതവ്യാകരണം, India Orientalis Christiana മുതലായ പല പ്രബന്ധങ്ങളെ റോമിൽ അച്ചടിപ്പിച്ചിട്ടുണ്ട്; അവയിൽ പ്രസ്തുത ഗ്രന്ഥത്തിലെ മലയാളലിപികൾതന്നെ ഉപയോഗിക്കപ്പെട്ടത്തിയിരിക്കുന്നതായും കാണുന്നു. എന്നാൽ ഇദ്ദേഹം പ്രസ്താവിത പുരാതന ഗ്രന്ഥത്തിന്റെ വേലയിൽ ഭാഗഭാക്കാകുവാൻ നിവൃത്തിയില്ല. എന്തെന്നാൽ ഇദ്ദേഹം ആദ്യമായി വരാപ്പുഴ മിഷ്യനറിയായി വന്നതു് 1776 ൽ മാത്രമാണ്. പിന്നീടു വളരെക്കാലം കഴിഞ്ഞിട്ടത്രേ റോമ്മിൽ പിന്തിരിഞ്ഞു് തന്റെ പുസ്തകങ്ങളെ അച്ചടിപ്പിച്ചതു്. India Orientalis Christiana എന്ന പുസ്തകം 1794-ൽ മാത്രമെ പുറപ്പെട്ടിട്ടുള്ളു. ഇതിലും നമ്മുടെ പുരാതന ഗ്രന്ഥത്തിലെ മലയാള ലിപികൾ ചില സ്ഥലങ്ങളിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ ബ. പൌലീനോസ് മിഷ്യനറിക്കു മുമ്പായി 1772-ൽ ഈ ശ്രേഷ്ഠമായ ഒരു പുരാതനഗ്രന്ഥത്തെ ഉണ്ടാക്കി അച്ചടിപ്പിച്ചതു് ആരാണെന്നാണ് അറിയേണ്ടതു്. ടിപ്പുസുൽത്താന്റെ ആക്രമണകാലത്തു വരാപ്പുഴ മെത്രാസന അരമനയിൽനിന്നു 1712 മുതൽ 1773 വരെയുള്ള 61 വർഷത്തെ റിക്കാർട്ടുകൾ നഷ്ടപ്പെട്ടുപോയതായി ചരിത്രം സാക്ഷിക്കുന്നു. ആകയാൽ അവിടെനിന്നും ഇതിലേക്കു യാതൊരു ലക്ഷ്യവും കിട്ടുവാനില്ല.

എന്നാൽ നമ്മുടെ പുരാതനഗ്രന്ഥത്തിന്റെ നിർമ്മാതാവു് താനെന്നെ നമ്മുടെ ദൃഷ്ടിയിൽ ഇതാ ഹാജരാകുന്നു. പെ. ബ. കരിയാററിൽ യൌസേപ്പു മല്പാൻ അവർകൾ റോമ്മിൽ പ്രൊപ്പഗാന്ത കോളെജിൽ പഠനം പൂർത്തിയാക്കി ഡി. ഡി. ബിരുദം പ്രാപിച്ച് സ്വദേശത്തേക്കു മടങ്ങി വന്നതു് ഈ കാലഘട്ടത്തിലാണ്. ഇദ്ദേഹത്തിനു 1766 ഏപ്രിൽ 2-ാംനു- സിദ്ധിച്ച ഡോക്ടർസ്ഥാനത്തിന്റെ (Diploma) സാക്ഷിപത്രം ഇന്നും മാന്നാനം ആശ്രമത്തിൽ സൂക്ഷിക്കപ്പെട്ടുന്നുണ്ട്. ഇദ്ദേഹം മലയാളത്തേക്കു മടങ്ങിവന്നു് സ്വന്ത ഇടവകയായ ആലങ്ങാട്ടു പള്ളിയോടു ചേർന്ന സെമ്മിനാരിയിൽ പല വർഷത്തോളം മല്പാനായി പഠിപ്പിച്ചശേഷം 1777-ൽ പാറേമാക്കൽ ബ. തോമ്മാച്ചനോടുകൂടി രണ്ടാംപ്രാവശ്യം റോമ്മിലേക്കു പുറപ്പെടുകയും, 1782-ൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെടുകയുംചെയ്തു. ഈ മഹാൻ തന്റെ സ്വദേശികളായ കേരളത്തിലെ ക്രിസ്ത്യാനികൾക്കു പൊതുവിൽ ഉപകരിപ്പാനായിട്ട് ഈ പുരാതന ഗ്രന്ഥം ആലങ്ങാട്ടുവച്ച് എഴുതിയുണ്ടാക്കി റോമ്മിൽ അയച്ചു അച്ചടിപ്പിച്ചു എന്നത്രേ ഊഹിക്കപ്പെടുന്നതു്. ഈ ഗ്രന്ഥത്തിന്റെ പകർപ്പുകൾ കേരളത്തിലെ പുരാതന പള്ളികളിലൊ കുടുംബങ്ങളിലോ ഉണ്ടായിരിക്കാമെങ്കിലും, ഇതിന്റെ പൂർണ്ണമായ ഒരു പകർപ്പ് (പാ

ണാപള്ളി) പള്ളിപ്പുറത്തു വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതിയുടെ ആശ്രമത്തിൽ സൂക്ഷിക്കപ്പെട്ടുന്നുണ്ട്.

വായനക്കാരുടെ തൃപ്തിക്കുവേണ്ടി ഈ ഗ്രന്ഥത്തിലെ ചില വാക്യങ്ങൾ താഴെ ചേർക്കുന്നു. 1. ഗ്രന്ഥത്തിൻെറ 69-ാം പക്ഷത്തിൽ കാണുന്ന ഒരു ചോദ്യോത്തരം ഇപ്രകാരമാണ്: "ഗുരു, ശുദ്ധമാന കത്തോലിക്ക പള്ളിയിൽ അല്ലാതെ ദോഷപൊറുതി ഉണ്ടോ? ശിഷ്യൻ, കത്തോലിക്ക പള്ളിയിൽ നിന്നു പുറത്തിരിക്കുന്നവക്ക ദോഷപൊറുതിയും രക്ഷയുടെ ശരണവുമില്ല ഒരുനാളും". 2. ഗ്രന്ഥത്തിൻെറ ഒട്ടു വിലത്തെ പക്ഷത്തിൽ പല സൽബുദ്ധികൾ പറഞ്ഞുവരികയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "(യാതൊരുത്തൻ) തൻെറ മരിപ്പുനേരത്തു താൻ അപേക്ഷിച്ചിരിക്കുമെന്ന നിലയും ഇരിപ്പും നിനക്കിപ്പോൾ ഉണ്ടായിരിപ്പാൻ ശ്രമിക്ക". (പ. 268.) 3. "അറിഞ്ഞു കൊണ്ടുള്ള പാവദോഷം ചാവദോഷത്തിൻെറ വെട്ടുവഴിയാകുന്നു" എന്നു മറ്റൊരു സ്ഥലത്തും പറഞ്ഞിട്ടുണ്ട്.

കടശി വായനക്കാർ ഈ നിരൂപണത്തിൻെറ പ്രബലത നന്നായ ഗ്രഹിക്കുന്നതിന്നു ഒരു സംഗതി പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. ഈ ഗ്രന്ഥം ആപാദചൂഡം വായിച്ചാൽ 'ക്രിസ്ത്യാനി' എന്ന നാമത്തിന്നു പകരം നസ്രാണികൾ' എന്ന പദംമാത്രം പ്രയോഗിച്ചിരിക്കുന്നതു കാണാം. ഇതിൽനിന്നുള്ള അനുമാനം ഈ കൃതി ലത്തീൻ മിഷ്യനറിമാരൊ മറ്റു ലത്തീൻ വൈദികരോ രചിച്ചിട്ടുള്ളതല്ല, വേദാന്തം ശരിയായി പഠിച്ചിട്ടുള്ള ഒരു സുറിയാനി വൈദികൻ രചിച്ചിട്ടുള്ളതാണെന്നത്രെ. 1767 മുതൽ 177[illegible] വരെ കേരളത്തിൽ പ്രേഷകവേല നടത്തിയ വന്ദ്യപുരോഹിതനായ പെ. ബ. കരിയാററിൽ യൌസേപ്പ മല്പാനല്ലാതെ ഇത്ര ശ്രേഷ്ഠമായ ഒരു വേദാന്തഗ്രന്ഥം രചിപ്പാനും അതു റോമ്മിൽ അയച്ചു അച്ചടിപ്പിപ്പാനും തക്ക ത്രാണിയും സാമർത്ഥ്യവുമുള്ള ഒരുത്തമ പുരുഷൻ അന്നു മലയാളത്തുണ്ടായിരുന്നില്ല. ആകയാൽ കേരളീയ പ്രൊപ്പഗാന്തവിദ്യാർത്ഥികളിൽ പ്രഥമനും, പ്രഥമ കേരളീയ സുറിയാനി മെത്രാപ്പോലീത്തായും ആയ നി. വ. ദിവ്യശ്രീ കരിയാററിൽ മാർ യൌസേപ്പ മെത്രാപ്പോലീത്താ തിരുമനസ്സിലെ നിത്യസ്മാരകമായി ഈ പുരാതനഗ്രന്ഥത്തെ പരിഗണിക്കുന്നതിൽ അസംഗത്യമുണ്ടെന്നു തോന്നുന്നില്ല.

## സ്ലീവാ ദർശനം.



(കെ. ആർ. വി. ഒല്ലൂർ)

'കേക'

"ത്യാഗമാം നേട്ടം"കൊണ്ടു ശോഭന ഭ്രുവിങ്കലെ
മാനുഷ സമുദായാകർഷണീയനാം വിഭോ,
കാണുന്നു ഭവാൻെറയാകാരമെൻ മനതാരിൽ
കാണുന്നു ഭവൽപദം പാവന സോപാനമായ്. (1

ഹന്ത! നിൻതിരുവുടൽ 'കുരിശി'ൽ നിണംപൂണ്ടു
സന്തപിച്ചീടുന്നതെൻ മുമ്പിലായ് കാണാകുന്നു
ഓമന മുഖാംബുജം വിശുദ്ധ 'മറിയ'ത്തിൻ

പാവന കരവല്ലി താലോലിച്ചോരു മുഖം
ചോരയാൽ പുരണ്ടു ഹാ! എന്നാലും പ്രസന്നമായ്–
കാണുന്നു കണ്ണുരണ്ടും കീഴ്പോട്ട് നോക്കിക്കൊണ്ട്. (2

അങ്ങയെ രിപുവായിട്ടെണ്ണിയ മൂഢന്മാരെ
ദുഃഖസാഗര മദ്ധ്യമഗ്നരായ് കാണുന്നേരം
കനിവോടക്രൂരരെ ദിവ്യദൃഷ്ടികൾ കൊണ്ട്
ക്ഷമയാൽ കീഴ്പോട്ടേയ്ക്കു നോക്കുകയായിരിക്കാം. (3

മാറിൽ നിന്നൊഴുകുന്ന രക്തബിന്ദുക്കൾ ചെന്ന്
വീഴുന്നതി'റ്റിറ്റാ'യി പച്ചപ്പുൽനിരകളിൽ–
അല്ലയോ കൃതാർത്ഥരാം ശാദ്വലസമൂഹമേ,
നിങ്ങളല്ലയോ ഞങ്ങളേക്കാളും പരിശുദ്ധർ. (4

യേശുവിൻ തിരുവുടൽ ഞങ്ങൾക്കായ് സമർപ്പിച്ച
ശോഭനകാഴ്ച കണ്ട് സന്തപിച്ചിരുന്നിടാം
അല്ലെങ്കിലാഹ്ലാദിച്ചു– അതുതാൻ നിങ്ങൾക്കല്ലാ–
തിന്നത്തെ ലോകത്തിന്നു കാണുവാൻ പശ്ചാപ്യമോ? (5

താരങ്ങൾ തവ പരിതാപത്തെ മേലെ നിന്നു–
മോദരോദരാ വികാരഭേദത്തോടു കാണുന്നുണ്ടാം
അതവർ തേങ്ങിക്കരഞ്ഞീടുന്നതായേശ്ശാമീ–
ക്കാണുന്ന താരങ്ങൾ തൻ മിന്നലും തിളങ്ങലും. (6

കാണുന്നു തവകര പങ്കജയുഗ്മങ്ങളെ–
ഞങ്ങളെ മാടിവിളിച്ചീടുന്നതവ രണ്ടും
ലോകരെ ക്ഷണിക്കുന്നു വിണ്ണിലേക്കവ നിത്യം
പോവുക സഹജരെ, അവിടം വൈകിടാതെ. (7

ഗമിക്കിൻ, മനുജരെ, സൌഹാർദ്ദ സാമ്രാജ്യത്തിൽ
കരുണച്ചെങ്കോലേന്തി വാഴുന്നതവിടത്തിൽ
ദൈവപുത്രനാം 'യേശുക്രിസ്തു'വിൻ തിരുനാമം
സൌഹാർദ്ദ പരിമളം വീശുന്നു മന്ദം മന്ദം. (8

## കത്തോലിക്കാസഭയേപ്പററിയുള്ള ചില ചിന്തകൾ.

(റവ. ഫാദർ മാത്യു വരിക്കയിൽ പി. എച്ച്. ഡി., ഡി. ഡി., ബി. സി. എൽ.)

**ലോ**കചരിത്രത്തെ കൂലങ്കഷമായി പരിശോധിക്കുന്ന പക്ഷം കത്തോലിക്കസഭയേപ്പോലെ ഇത്ര വിസ്മയനീയമായ ഒരു സ്ഥാപനം ഇതുവരെ ഉണ്ടായിട്ടില്ലാ എന്നു ഈ സഭയുടെ ബദ്ധവൈരികൾ പോലും തലകുലുക്കി സമ്മതിക്കാതെ ഗത്യന്തരമില്ല. ലോകത്തിൽ ഉണ്ടായിട്ടുള്ളതും ഇപ്പോൾ ഉള്ളതുമായ അനേക മതങ്ങളും, മററു സ്ഥാപനങ്ങളും കത്തോലിക്കമതത്തോടു തുലനം ചെയ്താൽ അതുകളെല്ലാം നിസ്സാരമായവതന്നേ. എന്നാൽ ലോകചരിത്രത്തിന്റെ സ്ഥൂലജ്ഞാനമെങ്കിലും ഉള്ളവർക്ക് ഇതിലേക്കുള്ള ന്യായങ്ങളും, തെളിവുകളും ഒരു പുനരിവാദിരിപ്പാൻ മാർഗ്ഗവുമില്ല. എന്നിരുന്നാലും ക

ത്തോലിക്കാ സഭയുടെ ചില ജന്മശത്രുക്കൾ സത്യത്തേയും, ന്യായത്തേയും മറച്ചുവച്ചുകൊണ്ടു് തങ്ങളുടെ പാഷാണ്ഡതത്വങ്ങളേ ലോകത്തിൽ വിതരണം ചെയ്യുന്നതിന്നും ലോകത്തിലുള്ള എല്ലാ മനുഷ്യരേയും തങ്ങളുടെ അഭിപ്രായത്തിന്നു വിധേയരാക്കണമെന്നാഗ്രഹിച്ചുകൊണ്ടു ഭഗീരഥപ്രയത്നം ചെയ്യുന്നതിന്നും ഉദ്യമിക്കുന്നതോടുകൂടി കത്തോലിക്കാ സഭയുടെമേൽ ദൂഷണങ്ങൾ വർഷിക്കുന്നതിനു തരം നോക്കി നില്ക്കുകയും ചെയ്യുന്നു. സാക്ഷാൽ കത്തോലിക്കാ സഭ എന്തൊരു സ്ഥാപനമെന്നും, എന്തിനായിട്ടുള്ളതാണെന്നും, അതിൻ്റെ നിലയും വിലയും എന്താണെന്നും, ലോകചരിത്രംതന്നെ അതിനേക്കുറിച്ചു എന്തു പറയുന്നു എന്നും, ലോകത്തിൽ അതു് എന്തെല്ലാം കാര്യങ്ങളെ നിർവ്വഹിച്ചിട്ടുണ്ടെന്നും മററും ആലോചിക്കാതെ ഈ കൂട്ടർ പ്രഥമ ദൃഷ്ടിയിൽ തങ്ങൾക്കിഷ്ടമില്ലാത്തതോ, തങ്ങളുടെ സ്വാർത്ഥതക്കനുയോജ്യമല്ലാത്തതോ ആയി ഈ സഭയിൽ എന്തെങ്കിലും കാണുമ്പോൾ അവയെ പർവ്വതീകരിച്ചു കാണിച്ചുകൊണ്ടു അറിവില്ലാത്ത സാധുക്കളേ തട്ടിക്കാൻ ശ്രമിച്ചുകാണുന്നതു പരിതാപകരംതന്നെ.

ഇന്നു ഭൂമുഖത്തു് 155 കോടി ജനങ്ങളിലധികം നിവസിക്കുന്നതിൽ അറുപത്തുരണ്ടു കോടിയിലധികം വിവിധ വകുപ്പുകാരായ ക്രിസ്ത്യാനികൾ തന്നേയാണ്. ഇവരിൽ 35 കോടിയിലധികം ജനങ്ങൾ ഏക ഇടയൻ്റെ കീഴിൽ, ഏക മനസ്സോടും, ഏക ഹൃദയത്തോടുംകൂടി ദൈവത്താൽ സ്ഥാപിതമായ കത്തോലിക്കാ സഭയുടെ അംഗങ്ങളായി പ്രശോഭിക്കുന്നു. ഈ സഭ ജാതീയവും, ദേശീയവുമായ സകല സീമകളേയും ലംഘിച്ചുകൊണ്ടു് സർവ്വജാതീയമായ ഒരു മതസ്ഥാപനമായി ലോക രംഗത്തിൽ കാണപ്പെട്ടതു ഇന്നും ഇന്നലെയുമല്ല. ഈ ലക്ഷണങ്ങളിൽ ഒന്നുംതന്നേ ലോകത്തിൽ മറെറാരു മതത്തിലും കണ്ടെത്തുന്നതല്ല. ഇതരമതങ്ങളെല്ലാം ഓരോ രാജ്യ സീമയെ ലംഘിക്കാതെ ഒന്നു ഒരിടത്തും മറെറാന്നു വേറൊരിടത്തും സാധാരണ കാണപ്പെടുന്നു. നേരേമറിച്ചു കത്തോലിക്കാമതം ലോകത്തിൻ്റെ ഏതു ഭാഗത്തും ഒരേ വിശ്വാസത്തേ ഏററുപറഞ്ഞുകൊണ്ടും, ഒരേ സന്മാർഗ്ഗ നിയമങ്ങളേ അനുസരിച്ചുകൊണ്ടും, വിശുദ്ധീകരണത്തിനുള്ള ഒരേ മാർഗ്ഗങ്ങളേ ഉപയോഗിച്ചുകൊണ്ടും ഒരേ ഇടയൻ്റെ കീഴിൽ നാൾക്കുനാൾ അഭിനവമായ ശക്തിയോടും, പ്രതാപത്തോടും, യശസ്സോടുംകൂടി മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെയും മററു മതങ്ങൾ ഓരോ രാജ്യക്കാരുടെ സ്വന്തമെന്നഭിമാനിക്കാവുന്നതുപോലെ കത്തോലിക്കമതം ഒരിക്കലും ഒരുരാജ്യത്തിൻ്റേയോ, ഒരു ജാതിയുടേയോ സ്വന്തമായിരിപ്പാൻ പാടില്ല എന്നു അതിൻ്റെ പ്രകൃതിസിദ്ധമായ ആവശ്യംതന്നേ വിളിച്ചുപറയുന്നു. ചുരുക്കത്തിൽ ഈസഭ പണ്ഡിതനേയും പാമരനേയും, ദരിദ്രനേയും ധനവാനേയും, പരിഷ്കൃതനേയും അപരിഷ്കൃതനേയും, ബ്രാഹ്മണനേയും, ചണ്ഡാലനേയും, സവർണ്ണനേയും അവർണ്ണനേയും അംഗങ്ങളായി സ്വീകരിച്ചുകൊണ്ടു് അതിൻ്റെ ആദ്ധ്യാത്മികനന്മകളേ ഏവർക്കും ഒരുപോലെ ഭാഗിച്ചുകൊടുക്കയും എല്ലാവരേയും തൻ്റെ മടിയിലേക്ക് ക്ഷണിക്കയും ചെയ്യുന്നു. ഇത്ര അധികം ഭിന്നജാതികളേ ഏകമായി യോജിപ്പിച്ചും, ഇത്ര അധികം മനുഷ്യഹൃദയങ്ങളേ കീഴ്പെടുത്തി ഭരിച്ചും വന്നിട്ടുള്ള ചക്രവർത്തികളോ, രാജാക്കന്മാരോ ആരാണുള്ളതു്. ഇന്നു ലോകത്തിൻ്റെ നാനാഭാഗങ്ങളിലായി 35 കോടിയിലധികം ജനങ്ങളും, രണ്ടു ലക്ഷത്തിലധികം പട്ടക്കാരും, ആയിരത്തി എഴുനൂറിൽപരം മെത്രാന്മാരും ഈ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ്റെ ആജ്ഞയേ അക്ഷരാർത്ഥം നിറവേററുന്നതിന്നു സദാ സന്നദ്ധരായിരിക്കുന്നെന്നു പറഞ്ഞാൽ ആർക്കാണ് അത്ഭുതം തോന്നാത്തതു്. കൂടാതെയും കത്തോലിക്കസഭയുടെ സ്ഥാപകനായ മിശിഹായുടെനിർദ്ദേശങ്ങൾക്ക് അന്നുമാത്രമെങ്കിലും വ്യത്യാസംകൂടാതെയുള്ള അതിൻ്റെ സ്ഥിതിഗതികളേയും, പഠന

ത്തേയും, സ്ഥിരതയേയും, വ്യാപ്തിയേയും, പിന്തുടർച്ചയേയും ന്യായബുദ്ധിയോടുകൂടി സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്നുവെങ്കിൽ അതിനെ ആദരിക്കാതെയും അനുകരിക്കാതെയും ഇരിപ്പാൻ ആർക്കാണു കഴിയുക? സംഗതികളുടെ വാസ്തവം ഇങ്ങിനെയിരിക്കെ നമ്മുടെ നാട്ടിൽതന്നെയുള്ള അജ്ഞന്മാരും, ഈ സഭയേ ദ്വേഷിക്കുന്നവരുമായ ചില അകത്തോലിക്ക സഹോദരങ്ങൾ പുറപ്പെടുവിക്കുന്ന ദോഷാരോപണങ്ങൾക്ക് എന്തു വിലയാണുള്ളതെന്നു അവർതന്നെ ഒന്നാലോചിച്ചുനോക്കട്ടെ.

## പട്ടക്കാരന്റെ ആശീർവ്വാദം.

ധന്യയായ എമരീച്ചു അന്ന കത്രീനാ എന്ന കന്യക ദൈവസ്ഥാനപതികളായ പട്ടക്കാരുടെ ആശീർവ്വാദം വാങ്ങിക്കുന്നതിൽ പ്രദർശിച്ചിരുന്ന പ്രതിപത്തി പ്രസ്താവാർഹമാണ്. ചെറുപ്പകാലത്തു തന്നെ അടുത്തു വല്ല സ്ഥലത്തും ഒരു വൈദികൻ വന്നതായി അറിഞ്ഞാൽ കന്യക അവിടെ ഓടിയെത്തി അദ്ദേഹത്തിന്റെ ആശിസ്സ് പ്രാപിക്കാതിരിക്കയില്ല. ഭാഗ്യവതി അടുമേച്ചുകൊണ്ടു നടന്നിരുന്നപ്പോൾ ഒരു വൈദികൻ പോകുന്നതു കണ്ടാൽ ഉടൻ ആടുകളെ നിറുത്തിയുംവച്ച് അദ്ദേഹത്തിന്റെ വാഴ്വു വാങ്ങിക്കാൻപോയിരുന്നു. ഈ സുകൃതിനി പറഞ്ഞിരുന്നതായതു്: "ഹാ! വൈദികാശിസ്സിന്റെ ഫലസിദ്ധിയേപ്പറ്റി ഞാൻ അറിയുന്നതുപോലെ മറ്റുള്ളവരും അറിഞ്ഞിരുന്നെങ്കിൽ ഇതിനെ പ്രാപിപ്പാൻ ഓരോരുത്തരും എത്രമാത്രം ശ്രമിച്ചേനെ". വി. ഫ്രാൻസീസ്സ് അസ്സീസിയുടെ ചരിത്രത്തിലും ഇപ്രകാരംതന്നെ കാണുന്നുണ്ട്.

## നമ്മുടെ ഒഴിച്ചുകൂടാത്ത ചുമതല.

(ശ്രീമാൻ എൽ. സി. ഐസക്ക് ബി. ഏ.)

കത്തോലിക്കരേയും അവരുടെ വിശ്വാസത്തേയും അടിച്ചുടയ്ക്കാമെങ്കിൽ അതിൽ കൂടുതലായ ഒരുവിജയമുണ്ടാകാനില്ലെന്നാണ് ലോകം പരിഗണിക്കുന്നതു്. ഇത്രമാത്രം കത്തോലിക്കരെ മറ്റുള്ളവർ ദ്വേഷിക്കുന്നതിനുള്ള കാരണമെന്തെന്നു നാം ആലോചിക്കുന്നുണ്ടോ? നമുക്കു ജന്മസിദ്ധമായി എന്തെങ്കിലും ന്യൂനതയുണ്ടോ? നാം ലോകത്തിനു പൊതുവെ എന്തെങ്കിലും ദോഷം വരുത്തിക്കൂട്ടുന്നുണ്ടോ? ഇല്ല. ലോകത്തിന്റെ നാനാമുഖങ്ങളായ അഭിവൃദ്ധികൾക്കായി ഇന്നു കത്തോലിക്കർ പ്രയത്നിക്കുന്നതുപോലെ മറ്റാരും പരിശ്രമിക്കുന്നില്ലെന്നുള്ളതു സർവ്വസമ്മതമാണ്. എന്നിരുന്നാലും കത്തോലിക്കരുടെ നേരെ മറ്റു മതവിഭാഗക്കാരെല്ലാം ഒന്നുപോലെ ശത്രുത്വം ഭാവിക്കുന്നതിനുള്ള കാരണമെന്തായിരിക്കാം. അതു മറ്റൊന്നുമല്ല. ദൈവികമായ നമ്മുടെ വിശ്വാസത്തിന്റെ നേരെ അവർക്കുള്ള പൈശാചികമായ വെറുപ്പുതന്നെ ഇതിനെല്ലാം കാരണം.

നമ്മുടെ വിശ്വാസത്തെ സംത്യജിച്ചു അന്യരുടെ മൈത്രിയെ സമ്പാദിക്കുന്നതിനു നമുക്കു സാധിക്കുമോ എ

ന്നാണ് ഇനി നോക്കേണ്ടതു്. ഒരുനാളുമില്ല. ആരുടെ മൈത്രിയും നമുക്കില്ലാതെപോയാലും നമ്മുടെ പരിശുദ്ധ വിശ്വാസത്തിൽനിന്നു അണുമാത്രയെങ്കിലും വ്യതിചലിക്കാതിരിക്കുന്നതിനു നാം ബദ്ധവ്രതരാണ്. ആകയാൽ നമ്മുടെ ശത്രുക്കളുടെ വിരോധകാരണത്തെ നിവാരണം ചെയ്യുന്നതിനു നമുക്കു സാധിക്കയില്ലെങ്കിൽ അവരോടു സദാ പോരാടുന്നതിനു നാം സന്നദ്ധരായിരിക്കയേ നിവൃത്തിയുള്ളു. നരകവാതിലുകളാൽ അജയ്യവും പാറമേൽ സ്ഥാപിതവുമായ ഈ ദിവ്യസഭയുടെ പതാകയ്ക്കു കീഴുനിന്നു യുദ്ധംചെയ്യുന്നതിൽ നമുക്കു ഒട്ടും അധൈര്യം ഉണ്ടാകാനില്ല. നാം സ്ഥിരമായി നില്ക്കുമാത്രം ചെയ്താൽ മതി. വിജയം നിശ്ചയമാണ്.

കേരളീയ കത്തോലിക്കരുടെ ഭൂതകാലചരിത്രം പരിശോധിക്കുമ്പോൾ നമ്മുടെ പൂർവികന്മാർ തങ്ങളുടെ വിശ്വാസത്തെ പ്രതികൂലശക്തികൾക്കു കീഴ്പെടാതെ സംരക്ഷിച്ചുപോന്നുവെന്നു പ്രത്യക്ഷപ്പെടുന്നു. മ്ശിഹാക്കാലം മുതല്ക്കേ ഇവിടെ വേരൂന്നിപ്പിടിച്ച കത്തോലിക്ക് വിശ്വാസമാകുന്ന ആ തരു ഇന്നു നാം കാണുന്ന തരത്തിൽ നിലനിന്നു പോരുന്നതിൽ നമുക്കു അനല്പമായ സന്തോഷത്തിനു വകയുണ്ടു്. എന്നാൽ ഇത്തരുണത്തിൽ ഒരു പ്രധാന സംഗതി നാം ശ്രദ്ധിക്കേണ്ടതുണ്ടു്. ഇതേവരെ നാം സ്വയരക്ഷയെമാത്രം ലാക്കാക്കിയാണ് പോരാടിയിട്ടുള്ളതു്. ഇതുകൊണ്ടു മ്ശിഹായുടെ സൈന്യത്തിലെ ഒരു പടയാളിയുടെ കൃത്യം ശരിയായി നിറവേററിയെന്നു പറഞ്ഞുകൂടാ. ഒരു സൈന്യം എപ്പോഴും ശത്രുപക്ഷത്തിനു കീഴ്പെടാതിരിക്കാൻമാത്രം ശ്രമിച്ചാൽ പോരാ. ശത്രുക്കളെ കീഴടക്കുന്നതിനു കൂടെയും സർവ്വ ബലവും പ്രയോഗിക്കണം. അതിനാൽ ഒരു കത്തോലിക്കൻെറ ആധ്യാത്മികമായ ചുമതല രണ്ടായി തരംതിരിക്കാം. ആദ്യത്തേതു സ്വന്ത ആത്മരക്ഷ. രണ്ടാമതായ അന്ധകാരത്തിൽ കിടക്കുന്ന തൻെറ സഹോദരന്മാരുടെ രക്ഷ. ഈ രണ്ടാമത്തെ കൃത്യമാണ് വേദപ്രചാരം. മതസംബന്ധമായി നമുക്കു എന്തെല്ലാം അഭിമാനകാരണങ്ങളുണ്ടായിരുന്നാലും ഇക്കാര്യത്തിൽ നാം ആദ്യംമുതൽ പിന്നോക്കമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഈ കുറവിനെ പരിഹരിക്കുന്നതിനാണ് കേരളീയ കത്തോലിക്കർ ഇപ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതു്.

ക്രമീകൃതമായ സംഘടന വഴിയായി എല്ലാവർക്കും പ്രസ്തുത കൃത്യം നിറവേററാൻ സാധിക്കുന്നതല്ലായിരിക്കാം. എന്നാൽ എല്ലാവർക്കും എപ്പോഴും ചെയ്യാവുന്ന വേദപ്രചരണ ജോലികളുണ്ടു്. വേദപ്രചാരത്തിനായി പ്രതിദിനം ശുഷ്കാന്തിയോടെ പ്രാർത്ഥിക്കുന്നതിനു ആർക്കാണ് കഴിയാത്തതു്? ശക്തിക്കനുസരണമായ ഒരു ചില്ലറ ദ്രവ്യസഹായം മഹത്തായ ഈ കാര്യത്തിലേക്കു ചെയ്യുന്നതിനു മനസ്സു മാത്രമുണ്ടെങ്കിൽ പലർക്കും സാധിക്കും. കത്തോലിക്കാ മതതത്വങ്ങളടങ്ങിയ ലഘുലേഖകളും പുസ്തകങ്ങളും അകത്തോലിക്കരുടെയും ക്രിസ്ത്യേതരന്മാരുടെയും ഇടയിൽ വിതരണംചെയ്യുന്നതിന്നു താല്പര്യപ്പെട്ടാൽ എത്രയോ പ്രയോജനമുണ്ടാകുന്നതാണ്. മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ടാകും. നമ്മുടെ ഒഴിച്ചുകൂടാത്ത ഒരു ചുമതലയാണിതെന്നു ഗ്രഹിച്ചുകഴിഞ്ഞാൽ മനസ്സും മാർഗ്ഗവും ഉണ്ടാകയും ചെയ്യും.

## ഭയങ്കര ശിക്ഷ.

1923 മേ 21-ാംതീയതിയിലെ "ലാലിബ്രെബെൽജിക്ക" എന്നപത്രം ടിറോളിലുള്ള ഫെൽക്കിർക്ക് എന്നസ്ഥലത്തെ ഒരു നീതിന്യായക്കോടതിയിൽ നടന്ന ഒരു ഭയങ്കര സംഭവത്തെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു: സ്ട്രൂ

മറെറാരാൾ ഒരു ഭീമകമ്പനിയിൽ തൻെറ ഭർത്തൃ ലഭിപ്പാനുണ്ടായിരുന്ന ഓഹരി കൈവശമാക്കുന്നതിനു വേണ്ടി അവളെ വിഷം കൊടുത്തു മൃതിപ്പെടുത്തി. ഏതത്സംബന്ധമായി അയാളെ സംശയിച്ചു വിചാരണ കഴിക്കയിൽ കോടതിയിൽ സത്യം ചെയ്തു മൊഴി ബോധിപ്പിച്ചതിൻെറ ഒടുവിൽ അയാളിങ്ങനെ പറഞ്ഞവസാനിപ്പിച്ചു: ഈ കുററം ഞാൻ ചെയ്തിട്ടില്ല. ഞാൻ ഈ അപരാധം ചെയ്തിട്ടുള്ളതാണെങ്കിൽ സർവ്വശക്തനായ ദൈവം ഈ ക്ഷണത്തിൽ എന്നെ കൊന്നുകളയട്ടെ". തൽക്ഷണം അയാൾ അവിടെ മറിഞ്ഞുവീണു. ഉടനെ ഡോക്ടർ വന്നു പരിശോധിച്ചതിൽ ജീവൻ പിരിഞ്ഞുപോയി എന്നു സാക്ഷിക്കയും ചെയ്തു.

# വ്യാകുലഅമ്മയുടെ മാതൃക.

(റവ. ഫാദർ അലോഷ്യസ് സി. ഡി.)

ദിവ്യരക്ഷകൻെറ പീഡാനുഭവങ്ങളെ ധ്യാനിച്ചുകൊണ്ടു ജീവിതവ്യാകുലതകളെ ക്ഷമാപൂർവ്വം സഹിക്കുന്നതിനു വ്യാകുലജനനി നമുക്കു ഉത്തമ മാതൃകയായിരിക്കുന്നു. തൻെറ തിരുക്കുമാരൻ കുരിശിൽ തൂങ്ങി, ദൂഷണങ്ങളുടെയും പീഡകളുടെയും മദ്ധ്യേ യാതൊരാശ്വാസവും കൂടാതെ മരിച്ച അവസരത്തിലേതുപോലെ അത്ര കഠോരമായ വ്യാകുലത ദിവ്യജനനി ഒരിക്കലും അനുഭവിച്ചിട്ടില്ല എന്നുള്ളതു നിസ്തർക്കമായ സംഗതിയാണു്. എന്നാൽ ആ നാഥയുടെ അപ്പോഴത്തെ സ്ഥിതി സുവിശേഷകനായ വിശുദ്ധ യോഹന്നാൻ ചിത്രരൂപേണ നമ്മെ ദർശിപ്പിക്കുന്നതു് എങ്ങിനെയെന്നു നോക്കുക. ആ സാധ്വി ദുഃഖാധിക്യം കൊണ്ടു മൂർഛിച്ചു നിലത്തു പതിച്ചെന്നോ അല്ലെങ്കിൽ തത്തുല്യമായ മറെറാരവസ്ഥ പ്രാപിച്ചെന്നോ ആണോ സുവിശേഷകൻ ചിത്രീകരിച്ചിരിക്കുന്നതു്? അല്ല. "ഈശോയുടെ കുരിശിൻപക്കൽ അദ്ദേഹത്തിൻെറ അമ്മ നിന്നിരുന്നു." (യോഹ. ൧൯. ൨൫.) എന്നു ഒരേ ഒരു വാക്യം മാത്രമേ അദ്ദേഹം എഴുതിയിട്ടുള്ളൂ. സ്വായുസ്സിനെക്കാൾ അധികമായി സ്വപുത്രനെ സ്നേഹിച്ചിരുന്ന മാതാവു ദുഃഖസാഗരത്തിൽ മുങ്ങി മരിക്കുന്ന പുത്രൻെറ പക്കൽ നില്ക്കുന്നു! എത്ര പ്രശാന്തഗംഭീരമായ നില. എത്ര സുസ്ഥിരമായ ധൈര്യം. എത്ര നിസ്തുലമായ ക്ഷമ. ഹാ! ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്പെടുന്ന വിധം. പീഡകളിലും വിരോധങ്ങളിലും നാം എങ്ങനെ വർത്തിക്കണമെന്നു വ്യാകുലമാതാവിൽനിന്നു പഠിക്കണം. കാര്യങ്ങളെല്ലാം തങ്ങളുടെ ഹിതംപോലെ ഭംഗിയായി നടക്കുന്ന കാലത്തോളം ചിലർ ദൈവശുശ്രൂഷയിൽ തീക്ഷ്ണതയും പുണ്യത്തിൽ തല്പരതയും പ്രദർശിപ്പിക്കുന്നു



എന്നാൽ സ്ഥിതിഗതികൾ ഒന്നു മറിഞ്ഞു വല്ല ദുഃഖമോ അനർത്ഥമോ നേരിട്ടാൽ അധൈര്യരായി, ഇവരുടെ പുണ്യവും പോയി, ഭക്തിയും പോയി. ആവലാതിയും പിറുപിറുപ്പും തുടങ്ങുന്നു. ദൈവതിരുമനസ്സിനോടുള്ള കീഴ്വഴക്കം അസ്തമിച്ചുപോകുന്നു. "മറിയത്തിൻെറ മനസ്സു ദൈവതിരുമ

നസ്സിനോടു എത്രയും സംയോജിച്ചിരുന്നതിനാൽ, ആവശ്യമായിരുന്നെങ്കിൽ, ദൈവതിരുമനസ്സ നിറവേറുവാൻ പരിശുദ്ധകന്യക തന്റെ പുത്രനെ കുരിശിൽ തറച്ചു ബലി സമർപ്പിച്ചേനേ" എന്നു വി. അന്തോനീനോസു അഭിപ്രായപ്പെടുന്നു. "ആവശ്യപ്പെട്ടെങ്കിൽ കന്യകതന്നെ തന്റെ പുത്രനെ കുരിശിൽ തറയ്ക്കുമായിരുന്നു" എന്നു വി. അഗുസ്റ്റീനോസ് അരുളിച്ചെയ്യുന്നു. ഹാ! ദൈവതിരുമനസ്സിനോടുള്ള പരിശുദ്ധ അമ്മയുടെ യോജ്യത എത്ര വിസ്മയനീയമായിരുന്നു. ഈ അമ്മയെ നാം അനുകരിക്കുമെങ്കിൽ ലോകത്തിൽ സംഭവിപ്പാൻ പാടുള്ള യാതൊരു വ്യാകുലതകളും നമ്മെ കലക്കുന്നതല്ല.

## ഒരു യാക്കോബായ മെത്രാന്റെ എഴുത്ത്.

(റവ. ഫാദർ തോമ്മസ് മണ്ണഞ്ചേരി.)

നമ്മുടെ കേരളീയക്രിസ്ത്യാനികളിൽ ഒരു പ്രധാനഭാഗം യാക്കോബായമതം സ്വീകരിച്ചതു്, യാക്കോബായസഭ കത്തോലിക്കാസഭയെ അപേക്ഷിച്ചു് നല്ലതും ശ്രേഷ്ഠമായതും രക്ഷയ്ക്കു കൂടുതൽ ഫലിക്കുന്നതുമായ ഒരു മതമാണെന്നുള്ള ധാരണ നിമിത്തമല്ല; പ്രത്യുത, പറങ്കി മെത്രാന്മാരുടെ ഭരണം അവർക്കു ഒട്ടുംതന്നെ തൃപ്തികരമായി തോന്നാതിരുന്നതുകൊണ്ടു്, അവർ ഒന്നുകൂടി വിശാലമായ ഒരു നവീനമാർഗ്ഗത്തെ തെരിഞ്ഞെടുക്കുക മാത്രമാണു് ചെയ്തതു്. 1563-ൽ കൂനൻകുരിശുസത്യം നടന്നകാലത്തു്, അവർ പറങ്കികളുടെ മേലധികാരത്തെ ഒരു നാളും സ്വീകരിക്കുന്നതല്ലെന്നു് ശപഥം ചെയ്തുവെന്നല്ലാതെ, യാക്കോബായമതം പോലെയുള്ള ഒരു പാഷണ്ഡമതത്തിന്റെ അംഗങ്ങളായി തീരണമെന്നു് ഉദ്ദേശിച്ചിരുന്നതല്ല. കൂനൻകുരിശുസത്യത്തോടുകൂടി ആരംഭിച്ച മതകലഹം, പുത്തൻകൂർ എന്ന നാമത്തിൽ അറുപതു കൊല്ലക്കാലത്തേക്ക് ഒരു ശീശ്മയായി മാത്രം നിലനിന്നതിന്റെ ശേഷമാണു്, ഈ വിപ്ലവകക്ഷികൾ അന്നത്തെ സാഹചര്യങ്ങൾ നോക്കി അന്ത്യോഖ്യയിലെ യാക്കോബായക്കാരോടു് സഖ്യം പിടിക്കയും പിന്നീടു് കാലക്രമേണ യാക്കോബായക്കാരായി തീരുകയും ചെയ്തിട്ടുള്ളതു്.

നമ്മുടെ പുത്തൻകൂറു സഹോദരങ്ങൾ, തങ്ങളുടെ വേർപാടിന്നു ശേഷം കത്തോലിക്കാസഭയോടു യോജിക്കുന്നതിന്നു് പലപ്പോഴും മനഃപൂർവ്വം ശ്രമിച്ചിട്ടുള്ളതാണെന്നു വരികിലും, സാഹചര്യങ്ങളുടെ പ്രാതികൂല്യം നിമിത്തം അവരുടെ ഉദ്യമങ്ങൾ വിഫലീഭവിക്കയാണു് ചെയ്തതു്. കത്തോലിക്കാസഭയിൽ നിന്നും വേർതിരിഞ്ഞു് നില്ക്കുന്നതു് ഒരിക്കലും ശരിയല്ലെന്നും തങ്ങൾ തെരഞ്ഞെടുത്ത യാക്കോബായസഭ, ക്രിസ്തുവിനാൽ സ്ഥാപിതമായ ശരിയായിട്ടുള്ള രക്ഷാമാർഗ്ഗമല്ലെന്നും മനസ്സിലാക്കിയിരുന്നതുകൊണ്ടാണു്, അവർ പുനരൈക്യത്തിന്നായി പലപ്പോഴും പരിശ്രമിച്ചിട്ടുള്ളതു്. ആറാമത്തെ മാർ തോമ്മാ, എന്ന യാക്കോബായമെത്രാന്റെ കാലത്താണു് പുനരൈക്യത്തെ ഉദ്ദേശിച്ചുള്ള പരിശ്രമങ്ങൾ മുഖ്യമായി നടത്തിയതു്. അദ്ദേഹം, സുപ്രസിദ്ധപണ്ഡിതനായ കരിയാറ്റി മല്പാനോടു് നേരിട്ടു നടത്തിയ വാദപ്രതിവാദങ്ങളുടെ ഫലമായി യാക്കോബായസഭ ഒരു പാഷണ്ഡമതമാണെന്നും ക്രിസ്തു ലോകത്തിൽ സ്ഥാപിച്ചിട്ടുള്ള ഏക രക്ഷാമാർഗ്ഗം കത്തോലിക്കാസഭയാണെന്നും

നിസ്സംശയമായി ഗ്രഹിച്ചു. തന്നിമിത്തം അദ്ദേഹം തന്റെ ഭരണീയരായ സകല ജനങ്ങളോടും ഒരുമിച്ച് കത്തോലിക്കാസഭയിൽ ചേരുന്നതിന് തീർച്ചപ്പെടുത്തുകയും റോമ്മായിലേക്ക് എതൽസംബന്ധമായ ഹർജികൾ അയച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഏതു വിധേനയും ഉദ്ദിഷ്ടകാര്യം എളുപ്പത്തിൽ സാധിക്കണമെന്നു കരുതി, ഈ മെത്രാൻ കരിയാററിമല്ലാനെ വിളിച്ചുവരുത്തി തന്റെ ആഗ്രഹത്തെ വെളിപ്പെടുത്തുകയും തന്നെയും തന്റെ ജനത്തെയും കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുന്നതിന്ന് വേണ്ടതുക്ക അനുമതികൾ സിദ്ധിക്കുന്നതിന്നായി അദ്ദേഹം റോമ്മായിലേക്കു പോകണമെന്ന് നിർബന്ധപൂർവ്വം അപേക്ഷിക്കുകയും ചെയ്തു. പുണ്യശ്ലോകനും പണ്ഡിതശിരോമണിയും ആയ കരിയാററിമല്ലാൻ, മാർ തോമ്മാമെത്രാന്റെയും (മാർ ദിവന്നാസ്യോസിന്റെയും) അന്നത്തെ യാക്കോബായക്കാർ എവരുടേയും അപേക്ഷയെ സന്തോഷം സ്വീകരിച്ച്, അക്കാലസ്ഥിതിക്ക് അത്യന്തം ആപൽക്കരമായിരുന്ന റോമ്മായാത്രക്ക് ധൈര്യസമേതം ഒരുമ്പെട്ടു. അദ്ദേഹം നാലഞ്ചു മാസത്തെ കപ്പൽയാത്രയുടെ ശേഷം റോമ്മായിൽ എത്തി പരിശുദ്ധ പിതാവിനെ മുഖം കാണിക്കയും കേരളത്തിലെ യാക്കോബായക്കാരെപ്പററിയുള്ള യഥാർത്ഥ സ്ഥിതിഗതികൾ, ആ വന്ദ്യതിരുമേനിയെ ധരിപ്പിക്കയും ചെയ്തു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്, കരിയാററമല്ലാന്റെ അപേക്ഷപ്രകാരം മാർ ദിവന്നാസ്യോസിനേയും തന്റെ കീഴുള്ള യാക്കോബായക്കാരേയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിന്ന് വേണ്ടതുക്ക അനുമതികൾ സസന്തോഷം കല്പിച്ചു നൽകുകയുണ്ടായി. എന്നാൽ റോമ്മായിൽ നിന്നുള്ള പ്രത്യാഗമനത്തിൽ ഗോവായിൽ വെച്ചു സംഭവിച്ച, അദ്ദേഹത്തിന്റെ അകാലനിര്യാണം നിമിത്തം ഉദ്ദിഷ്ടകാര്യം സഫലമായില്ലായെന്ന് വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

6–ാമത്തെ മാർത്തോമ്മാ മെത്രാൻ (ദിവന്നാസ്യോസ്) കരിയാററിമല്ലാൻ വശം റോമ്മായിക്ക് അയച്ച എഴുത്ത് അദ്ദേഹത്തിന്റെയും അന്നത്തെ യാക്കോബായക്കാർ എവരുടേയും വിശ്വാസത്തേയും മനഃസ്ഥിതിയേയും വിളിച്ചറിയിക്കുന്ന വിലയേറിയ ഒരു പ്രമാണമായിരിക്കയാൽ അതിനെ മുഴുവനായി ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമെന്ന് വിചാരിക്കുന്നു.

## മാർ ദിവന്നാസ്യോസിന്റെ എഴുത്ത്.

"ഞാൻ രൂപതഭരണം ഏററപ്പോൾ എന്റെ മുൻഗാമികളുടെ കാലത്തു വന്നിരുന്ന യാക്കോബായക്കാർ വഴിയായും റോമൻ കത്തോലിക്കാപ്പള്ളിയിലെ, വിദ്വാന്മാരായ ഗുരുക്കന്മാർ വഴിയായും എന്റെ വാഴ്ചയും എന്റെ മുൻഗാമികളിൽ നിന്ന് ഞാൻ ഏററിരുന്ന ഗുരുപ്പട്ടവും വാസ്തവമല്ലെന്ന് എനിക്കു മനസ്സിലായി. അതിനാൽ അവരുടെ ഗുണദോഷപ്രകാരം, 1772–ൽ മാർ ഗ്രിഗരി എന്ന യാക്കോബായ മെത്രാപ്പോലീത്തായിൽ നിന്നും നിരണത്ത് ശുദ്ധ. മറിയത്തിന്റെ പള്ളിയിൽവെച്ച് അസ്സുപ്പാട്ട മുതൽ മെത്രാന്റെ വാഴ്ചവരെയുള്ള എല്ലാപട്ടങ്ങളും ഞാൻ സ്വീകരിച്ചു. ഞാൻ പഠിച്ചിരുന്ന വിശ്വാസം സത്യവിശ്വാസമല്ലെന്നും നമ്മുടെ കർത്താവിന്റെ കാലംമുതൽ എതൽകാലപര്യന്തം, പരിശുദ്ധമായും മലിനത കൂടാതെയും ഇരിക്കുന്ന ശുദ്ധ. കത്തോലിക്കാവിശ്വാസം വഴിയായി അല്ലാതെ ഒരുത്തക്കും മോക്ഷപ്രാപ്തി ഉണ്ടാകുന്നതല്ലെന്നും കത്തോലിക്കാസഭയിലെ ഗുരുക്കന്മാരിൽ നിന്നും ശുദ്ധ. ആലോചനാസംഘങ്ങളിലെ പുസ്തകങ്ങളിൽനിന്നും എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. എന്നെയും എന്റെ ജനത്തേയും കത്തോലിക്കാ ഐക്യതയിൽ ചേർക്കണമെന്നും ഞങ്ങളുടെ പൂർവ്വികന്മാരുടെ കാലംമുതൽ ഞങ്ങളിൽ ബാധിച്ചിട്ടുള്ള മഹദോഷത്തെ നീക്കം ചെയ്യണമെന്നും കൊടുങ്ങല്ലൂരിലെ മെത്രാപ്പോലീത്തായും ഈശോസഭ

കാരനും ആയ ഡാൺസബ്വ്ദാർ ഡംസ്‌രീയിസ്, അവർകളോടും മലയാളത്തിലെ വികാരിഅപ്പസ്തോലിക്കാ ആയ കർമ്മലീത്താ സഭക്കാരനായ ഈശോയുടെ ഫ്ലാറൻസിയസ് അച്ചനോടും മുൻപറഞ്ഞ വൈദികർ മുഖാന്തിരം ഞാൻ നിർബന്ധമായി അപേക്ഷിച്ചു. കത്തോലിക്കാ ഐക്യതയിൽ എന്നെ സ്വീകരിക്കുന്നതിന്നു അവർക്ക് അധികാരമില്ലെങ്കിൽ, എന്റെ അപേക്ഷയെ റോമ്മായിലേക്ക് അയയ്ക്കണമെന്നും ഞാൻ അവരോട് ആവശ്യപ്പെട്ടു. എന്നാൽ എന്റെ അപേക്ഷയെ അവർ അംഗീകരിച്ചില്ല. അതിനാൽ പ്രൊപ്പഗാന്താകോളേജിൽ പഠിച്ചവനും ഞങ്ങളുടെ സ്വജാതീയനും ആയ കരിയാററി യൌസേപ്പച്ചനെ വരുത്തി, വ്യസനം നിമിത്തം കണ്ണുനീർ ഒലിപ്പിച്ചുംകൊണ്ട്, എന്റെ ആഗ്രഹം അദ്ദേഹത്തിനെ അറിയിക്കയും എന്റെ ആത്മരക്ഷയെ അദ്ദേഹത്തിനെ ഭരമേല്പിക്കയും ചെയ്തു. "മാർഗ്ഗമദ്ധ്യേ എന്റെ പ്രാണന് അപായം നേരിട്ടേയ്ക്കാമെങ്കിലും ഞാൻ നിങ്ങൾക്കുവേണ്ടി ഒരിയ്ക്കൽക്കൂടി റോമായിലേയ്ക്കു പോകാം." എന്ന് അദ്ദേഹം എനിക്കു വാക്കുതന്നു. അപ്പസ്തോലിക്കാ തൃപ്പാദമുമ്പാകെ, എന്റെ പ്രതിനിധികളായും പ്രൊപ്പഗാന്തതിരുസംഘത്തെ എന്റെ അപേക്ഷയെ അറിയിക്കുന്നതിന്നായും എന്റെ സുറിയാനിജനങ്ങളിൽ നിന്നും പട്ടക്കാരും അൽമേനികളും ഉൾപ്പെടെ ഏഴുപേരെ അദ്ദേഹത്തിനോടൊന്നിച്ചയക്കുന്നു. സർവ്വശക്തനായ ദൈവം സാക്ഷിയായി, കത്തോലിക്കാപ്പള്ളി പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും ഞാനും എന്റെ ജനങ്ങളും അനുസരിക്കയും വിശ്വസിക്കയും ചെയ്യാമെന്ന് ഞങ്ങൾ സത്യം ചെയ്യുന്നു."

ഈ എഴുത്തിൽനിന്നു, മാർതോമ്മാ ദിവന്നാസ്യോസ് എന്ന യാക്കോബായമെത്രാൻ, കത്തോലിക്കാസഭയിലേക്ക് ചേരാൻ ഒരുമ്പെട്ടതു് മനസ്സാക്ഷിയുടെ പ്രേരണ നിമിത്തമല്ലാതെ, പറങ്കികളുടെയോ വേറെ ആരുടെ എങ്കിലുമോ നിർബന്ധം മൂലമല്ലെന്ന് വിശദമാകുന്നുണ്ട്. മാർ ദിവന്നാസ്യോസ് ധരിച്ചിരുന്ന വിശ്വാസം സത്യവിശ്വാസമല്ലെന്നും ശുദ്ധ. കത്തോലിക്കാവിശ്വാസം വഴിയായിട്ടല്ലാതെ ഒരുത്തർക്കും മോക്ഷപ്രാപ്തി ഉണ്ടാകുന്നതല്ലെന്നും അദ്ദേഹത്തിന്ന് പൂർണ്ണബോധമായിരുന്നു; അതുകൊണ്ടാണ് അദ്ദേഹവും തന്റെ കീഴുള്ള ജനങ്ങളും കത്തോലിക്കാസഭയിൽ ചേരുന്നതിന്നാഗ്രഹിക്കയും അതിലേക്കായി അധികാരസ്ഥാനങ്ങളിൽ അപേക്ഷിക്കയും ചെയ്തിട്ടുള്ളതു്. പൂർവ്വികന്മാരുടെ കാലംമുതൽ യാക്കോബാക്കാർ മഹറോനിൽ ഉൾപ്പെട്ടവരാണെന്നും യാക്കോബായസഭ, ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട രക്ഷാമാർഗ്ഗമല്ലെന്നും നമ്മുടെ കർത്താവിന്റെ കാലംമുതൽ സത്യവിശ്വാസത്തെ മലിനത കൂടാതെ പാലിച്ചിട്ടുള്ളതു് കത്തോലിക്കാസഭ മാത്രമാണെന്നും മാർ ദിവന്നാസ്യോസും തന്റെ കീഴുള്ള ജനങ്ങളും ഗ്രഹിച്ചിരുന്നുവെന്നും ഈ എഴുത്തു അവിതർക്കിതമായി തെളിയിക്കുന്നുണ്ട്.

## മ്ശിഹായോടുകൂടെ പാടുപെടുക.

പാടുപെടുന്നതു് പാപപരിഹാരത്തിന്നും തദ്വാരാ മോക്ഷപ്രവേശനത്തിന്നും ഉള്ള ഒരു മാർഗ്ഗമാണെന്നു നാം വിസ്മരിച്ചുകളയരുത്. "ഇത്രവലിയ സ്വർഗ്ഗീയമഹത്വം എനിക്കു ലഭിച്ചുതന്ന ഭാഗ്യപ്പെട്ട പീഡാനുഭവമേ!" എന്നു വി. കുരിശിന്റെ യോഹന്നാൻ പുണ്യവാൻ പറഞ്ഞുവന്നിരുന്നു. എന്നാൽ പാടുപെടുന്നവരിൽ പലരും അവർക്കു കിട്ടുന്ന അവസരങ്ങളെ വേണ്ടതുപോലെ ഉപയോഗപ്പെടുത്തിവരുന്നില്ല. പാടുപെട്ടതുകൊണ്ടുമാത്രമായില്ല, മ്ശിഹാ

യോടുകൂടെ നാം പാടുപെടണം. മ്ശിഹായുടെ ചമ്മട്ടിയടികൾ, മുൾമുടി, ആണികൾ, മുറിവുകൾ എന്നിവയെ ഓൎത്തുകൊണ്ടു "എന്റെ ഈശോയേ, നിന്റെ പീഡാനുഭവങ്ങളോടു ചേൎത്തുകൊണ്ടു എന്റെ ഈ ദുരിതസങ്കടങ്ങളെ എന്റെ പാപപരിഹാരത്തിനായി നിനക്കു ഞാൻ കാഴ്ചവെയ്ക്കുന്നു എന്നു ഹൃദയപൂൎവ്വം ചെല്ലിക്കൊണ്ടുവന്നാൽ ഓരോ ദിവസവും എത്രവലിയ പുണ്യയോഗ്യതകൾ നമുക്കു പ്രാപിപ്പാൻ പാടുണ്ടു്?

# തിരുഹൃദയ ഭക്തന്മാർ ൧൧൦൨ മീനമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## നഗരവാസികളുടെ സുകൃതാഭിവൃദ്ധി.

വ്യവസായങ്ങൾ ഒന്നിനൊന്നിനു അഭിവൃദ്ധിപ്പെട്ടുവരുന്ന കാലമാണല്ലോ ഇത്. വ്യവസായങ്ങൾ വൎദ്ധിച്ചു വരുന്നതിന്റെ ഫലമായി നഗരങ്ങളുടെ വിസ്തീൎണ്ണതയും നഗരവാസികളുടെ സംഖ്യയും വളരെ വളരെ വൎദ്ധിക്കുന്നതായിട്ടാണ് നാം കണ്ടുവരുന്നതു്. തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിൽ നിവസിക്കുന്ന ജനങ്ങളേക്കാൾ വളരെ അധികം ആളുകൾ ലണ്ടൻ പട്ടണത്തിൽ തന്നെ നിവസിക്കുന്നുണ്ടെന്നു പറയുമ്പോൾ ഇക്കാലത്തെ നഗരങ്ങളുടെ ജനബാഹുല്യം ഏതാണ്ടു ഗ്രഹിപ്പാൻ സാധിക്കുന്നതാണ്. ലണ്ടൻ പട്ടണത്തോടു ജനബഹുലതയിൽ ഏകദേശം തുല്യമുള്ളതായി ന്യൂയോർക്ക്, ചിക്കാഗോ, ആദിയായി വേറെയും അനേക നഗരങ്ങളുണ്ടു്.



ഈദൃശനഗരങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾ മിക്കവാറും സുകൃതാഭ്യാസങ്ങളിൽ വിമുഖരായിട്ടാണ് കണ്ടുവരുന്നതു്. കേവലം വിഷയസുഖങ്ങളിൽ ലയിച്ചും പരമകൎത്താവായ സ്രഷ്ടാവിന്റെ നേരെയുള്ള ചുമതലകൾ തീരുമാനം അവഗണിച്ചും ജീവിക്കുന്നവരുടെ സംഖ്യയാണ് അധികം. നഗരങ്ങളിൽ നാടകശാലകൾ നൃത്തരംഗങ്ങൾ ആദിയായുള്ള സ്ഥാപനങ്ങൾ ദിനംപ്രതി വൎദ്ധിച്ചുവരുന്നുണ്ടു് എന്നു കണക്കുകളിൽനിന്നു കാണാം. ചുരുക്കിപ്പറഞ്ഞാൽ നഗരങ്ങളിൽ സുകൃതജീവിതം നയിക്കുന്നവർ ചുരുങ്ങിവരുന്നു; സുകൃതാഭ്യാസങ്ങൾക്കുള്ള സൌകൎയ്യങ്ങളും വേണ്ടപോലെ ഇല്ല. നേരെമറിച്ച് നഗരവാസികളെ സുകൃതാഭ്യാസങ്ങളിൽനിന്നു വ്യതിചലിപ്പിക്കത്തക്ക പ്രസ്ഥാനങ്ങൾ വൎദ്ധിച്ചു കൊണ്ടുതന്നേ ഇരിക്കുന്നു. നഗരവാസികളുടെ ആത്മീയനന്മ ലാക്കാക്കി പ്രവൎത്തിച്ചുവരുന്ന വൈദികന്മാർ ഈ ശോചനീയാവസ്ഥ പരിഹരിക്കാൻ സൎവ്വത്ര ശ്രമിച്ചുവരുന്നു എന്നു കാണുന്നതു ആശ്വാസകരമാണ്. എന്നാൽ ദൈനംദിനം വൎദ്ധിച്ചുവരുന്ന നഗരങ്ങളുടെ ആവശ്യങ്ങളെ സാധിപ്പിക്കത്തക്ക ഒരു നിലയിൽ ഈ ശ്രമങ്ങൾ എത്തിയിട്ടില്ല. ആകയാൽ തിരുഹൃദയഭക്തന്മാർ ഈ കാൎയ്യസാദ്ധ്യത്തിനായിട്ടു ഈ മാസം മുഴുവനും പ്രാൎത്ഥിക്കണമെന്നു നമ്മുടെ പരിശുദ്ധ പിതാവു ആഗ്രഹിക്കുന്നു.

# കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

## I. വി. ലൂയിസ് ഗോൺസാഗാ.

### 3. ഫ്ലോറെൻസിലെ വിദ്യാഭ്യാസം.

പ്രി. കുഞ്ഞുങ്ങളേ,


വി. ലൂയീസിനു ഏകദേശം ഒൻപതു വയസ്സായപ്പോൾ കസ്റ്റീലിയോനിൽ ഒരു പകർച്ചവ്യാധി ആരംഭിച്ചതിനാൽ പിതാവ് ലൂയീസിനേയും ഇളയപുത്രനായ റിഡോൽഫിനേയും ഫ്ലോറെൻസു നഗരത്തിലേയ്ക്കുമാററിത്താമസിപ്പിച്ചു. അവിടെ തന്റെ ചാർച്ചയിലുള്ള പ്രഭുകുടുംബങ്ങളിൽ കുട്ടികളെ താമസിപ്പിക്കുന്നതിനു പലരും ക്ഷണിച്ചെങ്കിലും, പഠനത്തിനുള്ള സൌകര്യത്തേയും മററും ഉദ്ദേശിച്ചു തനിച്ചു ഒരു അരമനയിൽ വേണ്ട അകമ്പടിക്കാരോടുകൂടി സുകൃതവാനായ ഒരു അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ അവരെ പാർപ്പിക്കയാണുണ്ടായതു്. ബന്ധുക്കളായ പ്രഭുകുമാരന്മാരും കുമാരികളും കൂടക്കൂടെ സന്ദർശനത്തിനായി അവിടെ വന്നുതുടങ്ങിയപ്പോൾ പഠനത്തിനുള്ള വിഘ്നം കാരണമാക്കി എളുപ്പത്തിൽ അവരെ പറഞ്ഞയക്കുന്നതിനു ലൂയീസു് മാർഗ്ഗം കണ്ടെത്തി. പഠനംകഴിഞ്ഞുള്ള നേരമെല്ലാം ഏറിയകൂറും പ്രാർത്ഥനയിലും മററു ഭക്താഭ്യാസങ്ങളിലും ചെലവഴിക്കുന്നതിനു ലൂവീസു ഇവിടെ വച്ചേ തഴങ്ങിത്തുടങ്ങി. ഫ്ലോറൻസിൽവച്ചാണ് ലൂയീസുതന്റെ ആദ്യത്തെ കുമ്പസാരംകഴിച്ചതു്. മനസ്താപത്തിന്റെ ആധിക്യത്താൽ ബോധക്ഷയമായി വീഴുന്നതിനും തന്നിമിത്തം അരമനയിലേക്കു എടുത്തുകൊണ്ടുപോകുന്നതിനും ഇടയായി. ഫ്ലോറൻസു പട്ടണത്തിൽ ദൈവജനനിയുടെ മംഗലവാർത്തയുടെ ഒരു വലിയ ദേവാലയവും അതിൽ പരിശുദ്ധ അമ്മയുടെ ഒരു അത്ഭുത സ്വരൂപവുമുണ്ടു്. ആ സ്വരൂപത്തിൻ മുമ്പാകെ പുണ്യവാൻ പലപ്പോഴും ചെന്നു പ്രാർത്ഥിക്ക പതിവായിരുന്നു. ഒരുദിവസം പരിശുദ്ധമാതാവിന്റെനേരെയുള്ള സ്നേഹാധിക്യത്താൽ എരിഞ്ഞു കന്യാവ്രതത്തിനു ഭംഗംവരാതെ ജീവിച്ചുകൊള്ളാമെന്നുള്ള ഒരു നേർച്ച അമ്മയ്ക്കു കാഴ്ചകൊടുത്തു. മാലാക്കാർക്കടുത്ത ഈ വിശുദ്ധ പുണ്യത്തിനു മലിനത തട്ടാതിരിപ്പാൻ അതിൽപ്പിന്നെ വി. ലൂയീസു പൂർവ്വാധികം ഉത്സാഹിച്ചുവന്നു. കണ്ണുടക്കത്തിന്റെ കാര്യത്തിൽ കഠിനമായ നിഷ്കർഷചെയ്തു. സ്ത്രീജനങ്ങളുടെ മുഖത്തു ഒരിക്കലും നോക്കാതെ തന്നെ കഴിച്ചുകൂട്ടി. വിവേകപൂർവ്വമായ ഈ സൂക്ഷം കാരണത്താലും പരിശുദ്ധ അമ്മയുടെ പ്രത്യേക കടാക്ഷത്താലും വിശുദ്ധതഎന്ന പുണ്യത്തിനു എതിരായ പരീക്ഷകൾപോലും ഉണ്ടാകാതെ ഈ പുണ്യാത്മാവു ജീവിതം കഴിച്ചു. മേല്പറഞ്ഞ നേർച്ചകാഴ്ചയണക്കയിൽ ലൂയിസിനു ഏകദേശം പത്തുവയസ്സു പ്രായമായിരുന്നു. ഫ്ലോറൻസു പട്ടണം തന്റെ ജ്ഞാനജീവിതത്തിന്റെ ജന്മസ്ഥലമാണെന്നു എപ്പോഴും കൃതജ്ഞതയോടെ വിശുദ്ധൻ പറഞ്ഞുവന്നിരുന്നു. പ്രി. കുഞ്ഞുങ്ങളെ! അശുദ്ധതയെന്ന പാപം വഴിയായിട്ടാണു് മാലാക്കാർക്കടുത്ത കുഞ്ഞുങ്ങളെ പിശാചു നരകത്തിന്നിരയാക്കുന്നതു്. വി. ലൂയീസിന്റെ ആശ്രിതന്മാരാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ഈ കാര്യത്തിൽ സർവ്വപ്രകാരേണയും ശ്രദ്ധിക്കുക. അതിനായി പുണ്യവാന്റെ സഹായം അപേക്ഷിക്കുക.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ വി. കാസ്മീർ.

(തിരുനാൾ മാർച്ച് 4 വെള്ളിയാഴ്ച)

പോളണ്ടു രാജ്യത്തിലെ ഒരു രാജകുമാരനായിരുന്നു ഈ വിശുദ്ധൻ. ബാല്യത്തിൽ സുകൃതവതിയായ തന്റെ മാതാവിന്റെയും, അനന്തരം സൽഗു

ണസമ്പന്നനായ ഒരു അദ്ധ്യാപകന്റെ
യുംകീഴ വളൎത്തപ്പെട്ടകയാൽ രാജഅര
മനയിലെ സുഖഭോഗങ്ങൾക്കിടയിൽ
മുള്ളുകളുടെമദ്ധ്യേ വളരുന്ന പനിനീർ
പുഷ്പംപോലെ ഈ ദേഹം വിളങ്ങിയി
രുന്നു. പരിശുദ്ധ കന്യകയുടെ അസാ
മാന്യ ഭക്തനായിരുന്നതിനാൽ തന്റെ
കന്യാവ്രതം ഈ അമ്മയ്ക്കു കാഴ്ചകൊടു
ത്തു. ഇരുപത്തഞ്ചു വയസ്സായപ്പോൾ ഒ
രു തീരാവ്യാധി അദ്ദേഹത്തെ ബാധി
ച്ചു. വിവാഹം കഴിച്ചാൽ ദേഹസു
ഖം ലഭിക്കുമെന്നു വൈദ്യന്മാർ അഭി
പ്രായപ്പെട്ടെങ്കിലും കന്യാവ്രതത്തിനു
ഭംഗംവരാതെ ജീവിപ്പാൻ തീർച്ച
പ്പെടുത്തിയിരുന്നതിനാൽ അതിനു സ
മ്മതിച്ചില്ല. കർത്താവിന്റെ പീഡാ
നുഭവത്തെക്കുറിച്ചുള്ള ധ്യാനത്തിൽ രാ
പകൽ അനവധി നേരം വ്യയം ചെ
യ്തിരുന്നു. കഠിന തപഃക്രിയകളാൽ
ഇടവിടാതെ ദേഹത്തെ പീഡിപ്പി
ച്ചിരുന്നു. മരണഃശേഷം തിരുശ്ശരീരം
വഴി നടന്ന അത്ഭുതങ്ങളാൽ ദൈവം
ഈ പരിശുദ്ധനെ ഇന്നേവരെ മഹ
ത്വപ്പെടുത്തിക്കൊണ്ടുവരുന്നു. "വി. കാ
സ്മീരേ! പാപംചെയ്തു ദൈവത്തെ ഉ
പദ്രവിക്കുന്നതിനെക്കാൾ മരിപ്പാൻ
ഞങ്ങൾക്കു നീ കൃപചെയ്യരുളണമെ".



## III. കെ. സി സി. ഏ. ഡയറി.

ദീപികാപ്രചാരത്തിനുള്ള സമ്മാ
നങ്ങളുടെ അവധി മാർച്ച് 31-ാംനു-
വരയാണെന്നുള്ളതു കുഞ്ഞുമക്കൾ ഓ
ൎമ്മിക്കുമല്ലൊ. തുടങ്ങിയിരിക്കുന്ന ശ്ര
മം പൂൎത്തിയാക്കാൻ ഉത്സാഹിക്കണം.
ഏതാനും സമുദായമിത്രം മെഡലുകളെ
ങ്കിലും കെ. സി. സി. ഏ. ക്കാർ കൈ
വശപ്പെടുത്താതിരിക്കരുത്.

* * *

വിദ്യാലയങ്ങളിൽ വേദപാഠപ
രീക്ഷകൾ അടുത്തിരിക്കയാണു്. പ
രീക്ഷാഫലം പുറത്തായാലുടനേ എഴു
പത്തഞ്ചു ശതമാനത്തിൽ കൂടുതൽ മാ
ൎക്കുകൾ കിട്ടിയിട്ടുള്ള കെ. സി. സി.
ഏ. അംഗങ്ങളുടെ മാൎക്കുകൾ മാനേജ
രുടേയോ ഹേഡ്മാസ്റ്ററുടേയോ സാ
ക്ഷിസഹിതം സെക്രട്ടറിമാർ ഇവിടെ
അയച്ചുതരണം. കൂടുതൽ മാൎക്കു കിട്ടു

ന്നവക്കു കഴിഞ്ഞ കൊല്ലത്തേപ്പോലെ അഞ്ചു രൂപായുടെ മൂന്നു സമ്മാനങ്ങൾ നൽകപ്പെടുന്നതാണ്.

* * *

ബ. ഒനോറെയച്ചനുമായി ഈയിടയും കാണ്മാനിടയായി. കുഞ്ഞുമക്കളേപ്പററി വളരെ ബഹുമാനമായി അദ്ദേഹം സംസാരിച്ചു. കേരളത്തിൻെറ ഭാവി നിങ്ങളിലാണു സ്ഥിതിചെയ്യുന്നതെന്നു അദ്ദേഹം ധൈര്യമായി പ്രസ്താവിക്കുന്നു. മായാദീപപ്രദർശനങ്ങൾ ഇനി ഊർജ്ജിതമായി തുടങ്ങുമെന്നു അദ്ദേഹം വാക്കുതന്നിട്ടുണ്ട്. അതുകൂടാതെ, ഒരു ചെറിയ യന്ത്രം തൽക്കാലം കുഞ്ഞുമക്കളുടെ ഉപയോഗത്തിനായി ഒഴിഞ്ഞുതരികയും ചെയ്തിരിക്കുന്നു. കെ. സി. സി. ഏ. യുടെ ഒരു വലിയ അഭ്യുദയകാംക്ഷിയായ ശ്രീമാൻ മുണ്ടക്കയം കെ. സി. അബ്രാഹം അവർകളെ ഇവിടെ നിന്നു പ്രസ്തുത യന്ത്രം ഏൽപിച്ചു അയച്ചിരിക്കയാണ്. അദ്ദേഹത്തിൻെറ വകയായി ഒരു ഗ്രാമോഫോണും ഉണ്ട്. ഇതുകളോടുകൂടെ പാട്ടുള്ള എല്ലാ കെ. സി. സി. ഏ. ആസ്ഥാനങ്ങളിലും വന്നു കർമ്മലനാഥയുടെ കുഞ്ഞുമക്കളെ ആനന്ദിപ്പിക്കത്തക്കവണ്ണം അദ്ദേഹം പുറപ്പെട്ടിരിക്കയാകുന്നു. ബ. രക്ഷാധികാരിമാരുടെ അനുവാദത്തോടുകൂടെ ഒരു അസാധാരണ യോഗമോ മറേറാ ഏർപ്പാടു ചെയ്തു സ്ഥലത്തുള്ള മററാളുകളേയും ക്ഷണിച്ചു പ്രദർശനം നടത്താവുന്നതാണ്. അദ്ദേഹം ഇന്നിന്ന സ്ഥലങ്ങളിലേക്കു വരുമെന്നുള്ള വിവരം അപ്പഴപ്പോൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളാം. അദ്ദേഹത്തിനു വേണ്ട സൌകര്യങ്ങളെല്ലാം ഉണ്ടാക്കികൊടുക്കുന്നതിനു കുഞ്ഞുമക്കൾ പ്രത്യേകം ഉത്സാഹിക്കുമല്ലോ.

* * *

നിങ്ങൾക്കായി അടിച്ച പുസ്തകങ്ങളും വരുത്തിയ മാസികകൾ മുതലായവയും കുറേ ചെലവാകാതെയിരിക്കുന്നുണ്ടു്. അതിനാൽ പുത്തനായിട്ടു അടിപ്പിക്കാൻ ഇപ്പോൾ സാധിക്കുന്നില്ല. അതുകൊണ്ടു ഈ മാസത്തിൽ ആ പഴയ വകകളെല്ലാം തീർത്തുകളയണമെന്നു ആഗ്രഹിക്കുന്നു. അതിലേക്കു മാർച്ചുമാസാവസാനംവരെ ഒരു പ്രത്യേക സൌജന്യവില്പന നിശ്ചയിച്ചിരിക്കുന്നു. ഈ മാസത്തിൽ പണം അയക്കുന്ന എല്ലാ സംഘങ്ങൾക്കും പല ഇനത്തിലായി ഒരണയ്ക്കു രണ്ടണയുടെ വീതം പുസ്തകങ്ങൾ മാസികകൾ മുതലായവ അയക്കുന്നതാണ്. മുമ്പേ കിട്ടിയിട്ടുള്ള പുസ്തകങ്ങളും ആ കൂട്ടത്തിൽ ഉണ്ടായിരുന്നാൽ അവ അന്യർക്കു വിൽക്കയോ വിതരണം ചെയ്കയോ ചെയ്യാമല്ലോ. ഇതു കഴിഞ്ഞു പുതിയ പുസ്തകങ്ങൾ അടിപ്പിക്കാൻ സാധിക്കയും ചെയ്യും.

* * *

കഴിഞ്ഞ മാസത്തിൽ ആകെ വരവു 82രൂ. 27 ച. 8 കാശാണ്. അതിൽ 6 രൂ. 7 ച. 2 കാ. ബേങ്കിലിട്ടതുൾപടെ പൊതുഫണ്ടു ഇപ്പോൾ 8[illegible] രൂ. 14 ച. 10 കാശുണ്ട്.

* * *

അമ്മയുടെ മംഗലവാർത്ത തിരുനാളിൻെറ മംഗളം ആശംസിക്കുന്നു. കൊച്ചച്ചനുവേണ്ടി എല്ലാവരും പ്രത്യേകം അപേക്ഷിക്കണമെന്നു വീണ്ടും വീണ്ടും ഓർപ്പിച്ചുകൊള്ളട്ടെ.

എന്ന്, നിങ്ങളുടെ

സ്വന്തം കൊച്ചച്ചൻ.

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. കോൺഫറൻസ് പ്രസിദ്ധീകരണങ്ങൾ.

പെററിസെമിനാരി കോട്ടയം.

കോട്ടയം കോൺഫറൻസ് റിപ്പോർട്ടിൽ ചേർത്തിരുന്ന പ്രസംഗങ്ങളെ തനിച്ചു ഓരോ ലഘുലേഖകളായി അടിപ്പിച്ചിട്ടുള്ളതിൻെറ ഓരോപ്രതി ഇവിടെ അയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. റവ. ഫാദർ കാർട്ടി, മൊൺസിഞ്ഞോർ ആൻറണി പുതുശ്ശേരി, റവ. ഫാദർ റിബേയിരൊ

ഡി. ഡി മി. ജോസഫ് പെട്ട എം.എ. എന്നിവരുടെ പ്രസംഗങ്ങൾ ഈ ശേഖരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഫാദർ വെള്ളരിങ്ങാട്ട അവർകളുടെ ഇതേ സംബന്ധിച്ച ശ്രമങ്ങൾ നിരവധി നന്മക്കുന ദാനമായിത്തീർന്നിട്ടുണ്ട്.

### 2. അപ്പോസ്തൂലനായ വി. യോഹന്നാനുണ്ടായ വെളിപാട്.

ഇൻഡസ്ത്രിയൽ സ്കൂൾ പ്രസ്സ്
എർണാകുളം.

മഞ്ഞുമ്മേൽ ആശ്രമവാസികളായ ബ. വൈദികന്മാരുടെ സ്ഥിരോത്സാഹത്തിന്റെ ഫലമായി വേദപുസ്തകം പുതിയനിയമത്തിലെ അദ്യഭാഗങ്ങൾ ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിച്ചിട്ട ഇപ്പോൾ ഇരുപതൊന്നു കൊല്ലത്തോളമായിട്ടുണ്ട്. വേദപുസ്തക പരിഭാഷ സംബന്ധിച്ചു അതിലിന്നെ പല ഒച്ചപ്പാടുകളെല്ലാം പല സ്ഥലങ്ങളിലും കേൾക്കുകയുണ്ടായെങ്കിലും മൊൺസിഞ്ഞോർ അൻറനി പുതുശ്ശേരി അവർകൾ പ്രസിദ്ധപ്പെടുത്തിയ വി. പൌലാസിന്റെ ലേഖനങ്ങളല്ലാതെ യാതൊന്നും പുറത്തുവന്നതായി കണ്ടില്ല. കേരളീയ ലത്തീൻ കമ്മെലീത്താസഭാ സന്യാസികളുടെ ശ്രമഫലമായിത്തന്നെ "വി. യോഹന്നാന്റെ വെളിപാടുകൾ" എന്ന പുതിയനിയമഭാഗവും ഇപ്പോൾ പ്രസിദ്ധീകൃതമായിക്കാണുന്നതിൽ ഞങ്ങൾ അത്യധികം സന്തോഷിക്കുന്നു. വിശുദ്ധ ലിഖിത ഗ്രന്ഥങ്ങളിലേക്കും ദുർഗ്രഹമായ ഒരു വിഭാഗമാണു പ്രസ്തുത വെളിപാട്. ധാരാളമായ വ്യാഖ്യാനത്തോടുകൂടിയല്ലാതെ അതു സാധാരണന്മാരുടെ കൈകളിൽ കൊടുക്കുന്നതു അപകടവുമാണ്. "വെളിപാടിൽ എത്ര വാക്കുകളുണ്ടോ അത്രയും രഹസ്യങ്ങൾ, എന്നല്ല ഓരോ വാക്കിലും പലേ രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു." എന്നാണു വേദപാരംഗതനായ വി. ഈറാനീമ്മോസ് ഇതിനെപ്പറ്റി പറഞ്ഞിരിക്കുന്നതു്. ദുഷ്കരമായ ഈ ജോലി സാമാന്യം തൃപ്തികരമായ നിലയിൽ നിർവ്വഹിച്ചുതന്നിരിക്കുന്നതിലേക്കു കേരളീയ കത്തോലിക്കസഭയുടെ പേർക്ക് പ്രിയോർ ജനറാൾ പെ. ബ. മിഖായേലച്ചനവർകളേയും പെ. ബ. ളൂയീസച്ചനവർകളേയും ഞങ്ങൾ സർവ്വാത്മനാ അഭിനന്ദിച്ചുകൊള്ളുന്നു. എർണാകുളം ഇൻഡസ്ത്രിയൽ സ്കൂൾ പ്രസ്സിൽ ആവശ്യപ്പെട്ടാൽ ഈ പുസ്തകം കിട്ടുന്നതാണ്. വില പുസ്തകത്തിൽ കാണിച്ചിട്ടില്ല.

### 3. കുടുംബ ദീപിക.

കരോട്ടു സി. ജെ ജ്ജ്. മുട്ടുചിറ
കടുത്തുരുത്തി. വില 4 അണ.

"ത്രസ്യാമ്മ" നോവലിന്റെ ഗ്രന്ഥകാരൻ എന്ന നിലയിൽ കേരളീയർക്കു സുപരിചിതനായിത്തീർന്നിട്ടുള്ള കരോട്ടു മി. ജോർജ്ജ് മാന്നാനം സെൻറു ജോസഫ്സ് പ്രസിൽ അച്ചടിപ്പിച്ചിട്ടുള്ള ഒരു പുതിയ അദ്ധ്യാത്മിക ഗ്രന്ഥമാണ് "കുടുംബ ദീപിക" ഒരുത്തമ കത്തോലിക്കന്റെ കടമകളെ സംക്ഷേപമായി വിവരിച്ചിട്ടുള്ള ഈ വിശിഷ്ട ഗ്രന്ഥം കത്തോലിക്ക കുടുംബങ്ങൾക്കെല്ലാം യഥാർത്ഥത്തിൽ ഒരു ദീപമായി പരിലസിക്കുന്നതാണ്.

## വർത്തമാനക്കുറിപ്പുകൾ.

### കേരളം.

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ തിരുമാടമ്പു പ്രമാണിച്ചു കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു ഒരു സ്വർണ്ണമാലയും വിലപിടിച്ച ഒരു മോതിരവും സമ്മാനിച്ചിരിക്കുന്നു.

ചങ്ങനാശ്ശേരി സെൻറുബെർക്കുമാസ് കോളജ് ഡേ ആഘോഷം ക

ഞ്ഞ മാസത്തിൽ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. ചൂളപ്പറമ്പിൽ മെത്രാനച്ചൻ തിരുമനസ്സിലേയും റവ. ഡോൿടർ പഞ്ഞിക്കാരൻ ആദിയായ പലരുടെയും പ്രസംഗങ്ങൾ ഏതൽസംബന്ധമായിട്ടുണ്ടായിരുന്നു.

ഇരിങ്ങാലക്കുട റെയിൽവെസ്റ്റേഷനടുത്തു താഴെക്കാട്ടുപള്ളിയിൽ ആയിരത്തി ഒരുനൂറിൽപരം കൊല്ലത്തെ പഴക്കമുള്ള ഒരു നാനംമോനം ശിലാലിഖിതം കിടപ്പുള്ളതായി കാണുന്നു.

## ഇൻഡ്യാ.

മദ്രാസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ മെത്രാൻപട്ടത്തിന്റെ രജത ജൂബിലി കഴിഞ്ഞമാസത്തിൽ സാഘോഷം കൊണ്ടാടുകയുണ്ടായി.

ഇൻഡ്യാഗവർമ്മെണ്ടിൽനിന്നു 100 രൂപയുടെ പുതിയ നോട്ടുകൾ താമസിയാതെ പ്രസിദ്ധപ്പെടുത്തുമെന്നറിയുന്നു.

ബോംബെ അതിരൂപതയിൽപ്പെട്ട റവ. ഫാദർ വലരിയൻ, റവ. ഫാദർ റൈമണ്ട് കൊച്ചിരൂപതയിൽപ്പെട്ട റവ. ഫാദർ ലോറൻസ് പുളിയനാത്തു് എന്നീ മൂന്നു നവവൈദികർക്കു കാണ്ടിസെമ്മിനാരിയിൽവച്ചു ഇദംപ്രഥമമായി ഡി.ഡി. ബിരുദ നൽകിയിരിക്കുന്നു.

## ഇംഗ്ലണ്ട്.

കഴിഞ്ഞകൊല്ലം ഇംഗ്ലണ്ടിലെ കത്തോലിക്കരുടെ സംഖ്യയിൽ 13230 പേർകൂടെ വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 11948-ം അന്യമതങ്ങളിൽനിന്നും സത്യസഭയിലേക്കു പ്രവേശിച്ചിട്ടുള്ളവരാണ്.

അയർലണ്ടിലെ ഓഡോനൽ കർദ്ദിനാൾ തിരുമേനിയെ ദിവ്യകാരുണ്യകോൺഗ്രസ്സ് കമ്മററിയിലെ ഒരംഗമായി തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ അടുത്ത ഒരു ദിവ്യകാരുണ്യ കോൺഗ്രസ്സ് അവിടെ നടക്കുമെന്ന് ഊഹിക്കപ്പെടുന്നു. 1928-ലെ അടുത്ത കോൺഗ്രസ്സ് ആസ്ത്രേലിയായിൽ സിഡ്നിയിലും, 1930-ലെ കോൺഗ്രസ്സ് കാർത്തേജിലും ആയിരിക്കുമെന്നു മുന്നരത്തെ തീർച്ചപ്പെടുത്തിയിട്ടുണ്ട്. പിന്നത്തെ കോൺഗ്രസ്സ് അയർലണ്ടിനും ലഭിച്ചേക്കാനിടയുണ്ട്.

## മെക്സിക്കോ.

മതപീഡനത്തിനു യാതൊരു കുറവും ഉണ്ടായതായി പറവാനില്ല. അവിടെ ഏഴു മെത്രാപ്പോലീത്താമാരും, ഇരുപത്തഞ്ചു മെത്രാന്മാരും ഉള്ളവർ എല്ലാംതന്നെ ബന്ധനത്തിലോ വിദേശവാസത്തിലോ ആണ്.

തിരുക്കർമ്മസമയത്തു് ദൈവത്തോട് അപേക്ഷിച്ചു എന്നുള്ള കാരണത്താൽ ഇരുപതു വയസ്സിനു താഴെയുള്ള അഞ്ചു കത്തോലിക്കയുവാക്കന്മാരുടെ നാവു ഛേദിച്ചുകളകയും കടശി തലവെട്ടിക്കൊല്ലുകയും ചെയ്തതായി അറിയുന്നു.

സ്വന്തഭവനത്തിൽവച്ചു അമ്മയോടുകൂടെ ജപമാല എത്തിച്ചതു നിമിത്തം ഒരു യുവവൈദികനെ ബന്ധനത്തിലാക്കിയിരിക്കുന്നു.

വേദത്തെപ്രതി പിടിക്കപ്പെട്ട 17 വയസ്സുള്ള ഒരു യുവാവിനോട് "കാലസ് ദീർഘായുഷ്മാനായിരിക്കട്ടെ" എന്നു ആശംസിപ്പാൻ ഭടന്മാർ കല്പിച്ചതിൽ "മിശിഹാരാജാവു ദീർഘകാലം വാഴട്ടെ" എന്നു അവൻ നിലവിളിച്ചു. ഉടൻ അവർ അവന്റെ ചെവികൾ ഛേദിച്ചുകളഞ്ഞു. അപ്പോൾ വീണ്ടും "മിശിഹാ വാഴട്ടെ" എന്നു അവൻ നിലവിളിച്ചതിനാൽ ഭടന്മാർ അവന്റെ നാവു ഛേദിച്ചു. ഇതുമായപ്പോൾ ബന്ധനസ്ഥന്റെ കൂട്ടുകാരനായ വേറൊരു യുവാവു അസൂയാഭരിതനായി അയാളെ ഗാഢമായി ആശ്ലേഷിച്ചു. പിടിവിടുവിക്കാൻ സാധിക്കാതെ സേവകർ രണ്ടുപേരെയും ഒരുമിച്ചു വെടിവച്ചുകൊന്നുകളഞ്ഞു.

## ഇററലി.

കഴിഞ്ഞ ഒരു കൊൺസിസ്റ്റോറിയ സംഘത്തിൽവച്ചു പോളണ്ടിലേക്കുള്ള പരിശുദ്ധ പിതാവിന്റെ മനിഷ്ടമായ മൺസിഞ്ഞോർ ല[illegible]യും ടൂറിനിലെ മെത്രാപ്പോലീത്തായാ

യ മെൺസിഞ്ഞോർ ഗാംബായേയും പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ട് കർദ്ദിനാളന്മാരായി ഉയർത്തിയിരിക്കുന്നു.

കർദ്ദിനാൾസംഘത്തിലെ 'മൂപ്പനായ വനൂത്തെല്ലികർദ്ദിനാൾ തൻെറ തൊണ്ണൂറാമത്തെ ജന്മദിനം ഈയിടെ ആഘോഷമായി കൊണ്ടാടിയിരിക്കുന്നു.

## മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ച് അപേക്ഷിക്കപ്പെടണം.

എൻെറ സഹോദരിക്കു പിടിപെട്ട ആപൽക്കരമായ ഒരു സുഖക്കേടു മാറാനന്താനിസിൻെറ സഹായത്താൽ നീങ്ങിയതിന്.

വി. പി. വ. കല്ലൂർ.

ലൂർദ്ദുമാതാവിൻെറ സഹായത്താൽ പരീക്ഷയിൽ വിജയംപ്രാപിച്ചതിൻെറ കൃതജ്ഞതാസൂചകം. വ. സി. തൃശ്ശിനാപ്പള്ളി.

കുസുമത്തിൽ പ്രസിദ്ധപ്പെടുത്താമെന്നുള്ള നേർച്ചപ്രകാരം സിദ്ധിച്ച ഒരു രോഗശമനത്തിനു ഉപകാരസ്മരണ.

എ. പ്. കെ. ആരക്കുഴ.

ഉദ്ദിഷ്ടകാര്യം സിദ്ധിക്കയാൽ ഹൃദയപൂർവ്വം ഉപകാരസ്മരണചെയ്യുന്നു.

ജെ. എൻ. ജെ കോട്ടയം.

വി. അന്തോനീസിൻെറയും വി. കൊച്ചുത്രേസ്യായുടേയും മാർ യൌസേപ്പുപിതാവിൻെറയും സഹായത്താൽ പത്താംക്ലാസ് പരീക്ഷ ജയിച്ചതിനും എൻെറ അമ്മയുടെ അപകടകരമായ രോഗം നീങ്ങിയതിനും ഉപകാരസ്മരണ. കെ. കെ. ജെ.

കർമ്മലമാതാവിൻെറയും വി. കൊച്ചുത്രേസ്യായുടേയും സഹായത്താൽ എനിക്കു ഒരു ജോലി കിട്ടിയതിനു നന്ദി പറയുന്നു.

ഏ. ജെ. കൊല്ലം.

കാണാതെ പോയ ഒരു മോതിരം വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ കണ്ടുകിട്ടിയതിന്. എൻ. ജെ. രാമപുരം.

തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ എൻെറ കുട്ടികളുടെ സുഖക്കേടു ഭേദപ്പെട്ടതിനും കുടുംബത്തിലെ കഷ്ടതകൾ നീങ്ങിയതിനും ഉപകാരസ്മരണ. ഇ. പി. ജി. കൊല്ലം.

അപേക്ഷയുടെ ഫലമായി ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ടി. ജെ. ബെൻസിലി കൊല്ലം.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

അരുവിത്തുറപള്ളിയിടവക കല്ലാച്ചേരി വെട്ടിക്കൽ ശ്രീമതി ഏലിശമ്മ മകരം 14-ാം തീയതി. 23 വയസ്സ്.

അരുവിത്തുറ ഇടവക ഇലവുങ്കലായ കൊച്ചമ്പഴത്തുങ്കൽ വർക്കി ഔസേപ്പ് മകരം 23-ാംതീയതി. 29 വയസ്സ്.

ചങ്ങനാശേരി ഇടവക ചിറമുഖത്തു ശ്രീമതി കത്രീനാമ്മ ജനുവരി 25-ാംതീയതി ചൊവ്വാഴ്ച

അരിക്കുഴപ്പള്ളിയിടവക ചൂരാപ്പുഴ മത്തായി അവർകൾ ജനുവരി 26-ാംതീയതി. 83 വയസ്സ്.

കറവിലങ്ങാട്ടുപള്ളിയിടവക പനങ്കുഴക്കൽ കുര്യൻ അവർകൾ ഫെബ്രുവരി 17-ാം തീയതി വയസ്സ് 38.

## സിദ്ധൌഷധക്കുറിപ്പുകൾ.

നാരകത്തില, വെളുത്തുള്ളി, വെളുത്തനൊച്ചി, തുളസി, കാട്ടുതുളസി, കറുന്തോട്ടി, വിഷ്ണുക്രാന്തി ഇവ ഒന്നേമുക്കാൽ കഴഞ്ചുവീതം കഷായംവച്ചു സേവിച്ചാൽ ശീതജ്വരം ശമിക്കും.

* * *

ഉരി ചെറുനാരങ്ങനീററിൽ ആശാളി, കൊത്തമല്ലി കടുക്കാ, കണിവെണ്ണ ഇവ അരക്കഴഞ്ചുവീതം പൊടിച്ചിട്ടു പലപ്പോഴും സേവിച്ചാൽ ബാലന്മാർക്കു മലശോധനയുണ്ടാകും.

* * *

കാശാവില ഇടിച്ചു പിഴിഞ്ഞ നീരും കരിക്കിൻവെള്ളവും കൂടി തീയേൽ വച്ചു കുറുക്കി ആറുമ്പോൾ നെററിമേലും കൺപോളമേലും ഇടുക. കണ്ണുചുകപ്പു ശമിക്കും. (കോട്ടയംപത്രിക)

# പഞ്ചാംഗം.

---

എപ്പകത്തി ൨൰. ൧൯൨൭ ഞായറാഴ്ച അക്ഷരം ബ.

## ഫെബ്രുവരി മാർച്ച് ൧൧൦൨ കുംഭം — മീനം.

| | | | | | |
|---|---|---|---|---|---|
| | 1 | 17 | ചൊ | ❊ അ. മാ. മ. പത്രോ. ദമി. (ഫെബ്രു. ൨൩) ന. ആ. കു. വെ. | വെ. |
| | 2 | 18 | ബു | ൨൦൧൨ വിഭൂതി ന. കു. ആ. ... | റോ. |
| ● | 3 | 19 | വ്യാ | ന. കു. ആ. ... ... | റോ. |
| | 4 | 20 | വെ | പാ. വേ. ലൂസിയോസു ന. ആ. കു. വെ. (ഒരുനേ.) | ച്യു. |
| | | | | ❊ ന. ക. മുൾമുടി ന. ആ. കു. വെ. ❊൩൧ (❊൨) | ച്യു. |
| | 5 | 21 | ശ | മാ. കാസ്മീർ (ഈ. ൪.) ന. ആ. കു. വെ. | വെ. |
| | 6 | 22 | ഞാ | ✠ നോമ്പു ൧–ാം ഞാ. ന. കു. ആ. . ൧൦ . ൩ . ൧ | റോ. |
| | 7 | 23 | തി | മാ. മ. തോമ്മാ. ന. ആ. കു. വെ. ... | വെ. |
| | 8 | 24 | ചൊ | ❊ മാ യോഹന്നാൻ ദ്ആലാഹാ ന. ആ. കു. വെ. 8, 9, 10, കമ്മല ആശ്രമദേവാലയത്തിൽ നാല്പതുമണി ആരാധന. | വെ. |
| | 9 | 25 | ബു | വേ. നാല്പതു് അളുകൾ ന. ആ. കു. വെ. (പട്ടം) | ച്യു. |
| | 10 | 26 | വ്യാ | ❊ അ. മാ. മ. കൂർല്ലോസു (ഈ. ൩൰) ന. ആ. കു. വെ. | വെ. |
| | 11 | 27 | വെ | ❊ ന. ക. ഈട്ടി. ആണി. ന. ആ. കു. വെ. ❊൧൦ (❊൨) | ച്യു. |
| | 12 | 28 | ശ | പാ. മാ. മ. ഗ്രീഗോരി ന. ആ. കു. വെ. (പട്ടം) | വെ. |
| | 13 | 29 | ഞാ | ✠ നോമ്പു ൨–ാം ഞാ. ന. കു. ആ. . ൨൧ . ൧൦ . ൩ | റോ. |
| | 14 | 1 | തി | ന. കു. ആ. ... ... | റോ. |
| | 15 | 2 | ചൊ | ന. കു. ആ. ... ... | റോ. |
| | 16 | 3 | ബു | ❊ വന. അബ്രാഹം ന. ആ. കു. വെ. ... | വെ. |
| | 17 | 4 | വ്യാ | ❊ അ. മാ. പത്രീത്തീസു ന. ആ. കു. വെ. | വെ. |
| ◐ | 18 | 5 | വെ | ❊ ന. ക. തിരുവസ്ത്രം ന. ആ. കു. വെ. ❊൧൦ (❊൨) ഒ. നേ. | ച്യു. |
| | 19 | 6 | ശ | മാർ യൗസേപ്പുപി. മരണം ന. കു. വെ. ... | വെ. |
| | 20 | 7 | ഞാ | ✠ നോമ്പു ൩–ാം ഞാ. ന. കു. ആ. . ൨൩ . ൭ . ൧ ☞ അടുത്ത വെള്ളി കടം. | റോ. |
| | 21 | 8 | തി | ആബാ ബെനദീക്തോസു് ന. ആ. കു. വെ. | വെ. |
| | 22 | 9 | ചൊ | ❊ ഗബ്രിയേൽ മാലാഖാ (ഈ. ൧൮) ന. ആ. കു. വെ. 22, 23, 24, ഏൽത്തുരുത്തു ആശ്രമദേവാലയത്തിൽ നാല്പതുമണി ആരാധന. | വെ. |
| | 23 | 10 | ബു | ന. കു. ആ. ... ... | റോ. |
| | 24 | 11 | വ്യാ | ന. കു. ആ. ... ... | റോ. |
| | 25 | 12 | വെ | ✠ ക. മറിയം മംഗലവാർത്ത ന. കു. വെ. (ഒ. നേ.) | വെ. |
| | 26 | 13 | ശ | ❊ ന. ക. തിരുമുറി. ഇന്നലെ ന. ആ. കു. വെ. ❊൭൦ (❊൧) | ച്യു. |
| | 27 | 14 | ഞാ | ✠ നോമ്പു ൪–ാം ഞാ. ന. കു. ആ. . ൧൦ . ൯ . ൩ ☞ അടുത്തതു് ആദ്യവെള്ളി. | റോ. |
| | 28 | 15 | തി | ❊ മാ. മ. യോഹ. ദമ്മ. ഇന്നലെ ന. ആ. കു. വെ. | വെ. |
| | 29 | 16 | ചൊ | ന. കു. ആ. ... ... | റോ. |
| | 30 | 17 | ബു | ആബാ. യോഹ. ക്ലീമാക്കോ ന. ആ. കു. വെ. | വെ. |
| | 31 | 18 | വ്യാ | ന. കു. ആ. ... ... | റോ. |

---

Printed and Published for the Proprietor by P. K. Joseph
at the St. Joseph's Press, Mannanam, 1927.